

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2020 നവംബർ 15 – 30

Volume XI Issue 20

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക




Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- MONTHLY
www: **timesofamerica.org**



Managing Editor: **Mathew George**
Tel: 267-991-2111
e-mail:**timesofamerica@yahoo.com**








സ്റ്റാഫ് റിപ്പോർട്ടർ

വാഷിംഗ്ടൺ ഡി.സി: ജോ ബൈഡൻ ആധികാരിക വിജയത്തിലേക്ക്. ജോർജിയയിൽ പതിനാലായിരം വോട്ടിലേറെ മേൽക്കൈ നേടിയതിനാൽ ബൈഡന്റെ വിജയത്തിന് അംഗീകാരത്തിന്റെ നിറവ്. ഇതിന് മാറ്റം സംഭവിച്ചില്ലായെങ്കിൽ 2016ൽ ട്രംപ് ജയിച്ച അതേ ഇലക്ട്രൽവോട്ടായ 306ൽ ബൈഡനെത്തും. അതോടെ ട്രംപിന് 232 വോട്ടിൽ തൃപ്തിപ്പെടേണ്ടിവരും. വോട്ടെണ്ണിത്തീരാനുള്ള ജോർജിയയിൽ ബൈഡനും നോർത്ത് കരോലൈനയിൽ ട്രംപും വിജയിക്കുമെന്ന് ഏതാണ്ട് ഉറപ്പായി.

നിർണായക സംസ്ഥാനങ്ങളായ പെൻസിൽവേനിയ, മിഷിഗൺ, അരിസോന തിരഞ്ഞെടുപ്പുകളിൽ കൃത്രിമം നടന്നുവെന്നാരോപിച്ച് ട്രംപ് പക്ഷം നൽകിയ ഹർജികൾ കോടതി തള്ളി. ഇലക്ട്രൽ അംഗങ്ങളെ മാറ്റാനുള്ള നീക്കത്തിനൊപ്പം നിൽക്കാനാവില്ലെന്ന് അരിസോന, വിസ്കോൻസെൻ, മിഷിഗൺ, പെൻസിൽവേനിയ സംസ്ഥാനങ്ങളിലെ റിപ്പബ്ലിക്കൻ ജനപ്രതിനിധികൾ നിലപാടെടുത്തതോടെ ട്രംപ് തന്റെ അടവുനയത്തിൽ മാറ്റം വരുത്തുവാൻ നിർബന്ധിതനായി.

## സ്ത്രീകൾ ജനാധിപത്യത്തിന്റെ നട്ടെല്ലെന്ന് കമല

– പി.പി.ചെറിയാൻ



ഡലവെയർ: സ്ത്രീകൾ ജനാധിപത്യത്തിന്റെ നട്ടെല്ലെന്ന് നിയുക്ത വൈസ് പ്രസിഡന്റ് കമല ഹാരീസ്.

നവംബർ 7 ശനിയാഴ്ച ഡെലവെയറിൽ അമേരിക്കയുടെ നാല്പത്തിയാറാമത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോ ബൈഡനെ പ്രവർത്തകർക്കു പരിചയപ്പെടുത്തുന്നതിനുമുമ്പു നടത്തിയ ആമുഖ പ്രസംഗത്തിലാണ് കമല ഇങ്ങനെ അഭിപ്രായപ്പെട്ടത്.

പലപ്പോഴും സ്ത്രീകൾ പരിഗണിക്കപ്പെടാതെ പോകുന്നുണ്ടെങ്കിലും ജനാധിപത്യത്തിന്റെ നട്ടെല്ല് സ്ത്രീകളാണെന്ന് തെളിയിക്കപ്പെട്ട തിരഞ്ഞെടുപ്പായിരുന്നു ഇപ്പോൾ നടന്നത്. തുല്യതയ്ക്കുവേണ്ടി പോരാടുന്ന സ്ത്രീകളുടെ വിജയം കൂടിയാണിത്. ആദ്യമായി വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട വനിത എന്ന പദവി ലഭിച്ചുവെങ്കിലും ഈ പദവിയിലെത്തുന്ന അവസാന വ്യക്തി ഞാനായിരിക്കരുത്. എന്റെ പ്രസംഗം കേൾക്കുന്ന കുട്ടികൾ അവർ ഏതു വിഭാഗത്തിൽ പെടുന്നു എന്നുള്ളതല്ല, അവരുടെ ആഗ്രഹങ്ങൾക്ക് ചിറകു മുളയ്ക്കുന്ന അവസരമായി ഈ വിജയം മാറണം- അവർ തുടർന്നു.

ബൈഡനോടും കുടുംബത്തോടുമുള്ള നന്ദി രേഖപ്പെടുത്തുന്നതിലും കമല മറന്നില്ല. ഇന്ത്യയിൽ കുടിയേറിയ മാതാവിനെക്കുറിച്ച് പരാമർശിച്ചു. പത്തൊമ്പതാം വയസ്സിലാണ് കമല അമേരിക്കയിലെത്തുന്നത്.

## രാജ കൃഷ്ണമൂർത്തി, ആമി ബേറ, പ്രമീള ജയപാൽ, റോ ഖന്ന എന്നിവർ മാത്രം



– ജോയിച്ചൻ പുതുക്കുളം

വാഷിങ്ടൻ: അമേരിക്കൻ കോൺഗ്രസിലെ ഇരു സഭകളിലേക്കുമായി ഇത്തവണ മത്സരിച്ച 12 ഇന്ത്യൻ വംശജരിൽ ജയം ഉറപ്പാക്കിയത് നിലവിൽ ജനപ്രതിനിധി സഭാംഗങ്ങളായ ഡമോക്രാറ്റുകളായ രാജ കൃഷ്ണമൂർത്തി, ആമി ബേറ, പ്രമീള ജയപാൽ, റോ ഖന്ന എന്നിവർ മാത്രം.

അരിസോനയിൽ ആറാം നിയോജകമണ്ഡലത്തിൽ ഡമോക്രാറ്റ് സ്ഥാനാർഥി ഡോ. ഹീരാൽ ടിപിർനെനി ലീഡ് ചെയ്യുന്നു. നിലവിലെ സെനറ്റർ ഡേവിഡ് ഷെയ്കെർട്ടിനിയാണ് റിപ്പബ്ലിക്കൻ എതിരാളി. ലിബർട്ടേനിയൻ പാർട്ടി സ്ഥാനാർഥി പ്രസ്റ്റൻ നെൽസനെതിരെ 71% വോട്ടു നേടിയാണ് ഇല്ലിനോയ് സംസ്ഥാനം എട്ടാം നിയോജകമണ്ഡലത്തിൽ നിന്നു രാജ കൃഷ്ണമൂർത്തി ജയിച്ചത്.

ആമി ബേറ കലിഫോർണിയ ഏഴാം മണ്ഡലത്തിൽ റിപ്പബ്ലിക്കൻ എതിരാളി ബസ് പീറ്റേഴ്സനെതിരെ 25% വോട്ടുകളുടെ ലീഡ് നേടിയിട്ടുണ്ട്. അഞ്ചാം തവണയാണ് ആമി ബേറ ജനപ്രതിനിധി സഭയിലേക്ക് ജനവിധി തേടുന്നത്. പ്രമീള ജയപാൽ വാഷിങ്ടനിൽ ജയിച്ചു.

കലിഫോർണിയ 17-ാം മണ്ഡലത്തിൽ റിപ്പബ്ലിക്കൻ എതിരാളിയായ ഇന്ത്യൻ വംശജൻ ഋതേഷ് ടണ്ഡനെതിരെയാണു റോ ജയിച്ചത്. നിഷ ശർമ, മങ്ക അനന്തത്മുല, ഡോ. റിക്ക് മേത്ത എന്നീ റിപ്പബ്ലിക്കൻ സ്ഥാനാർഥികളും ശ്രീ പ്രസ്റ്റൻ കുൽക്കർണി എന്ന ഡമോക്രാറ്റ് സ്ഥാനാർഥിയും പരാജയപ്പെട്ടു.

## ഡിഫെൻസ് സെക്രട്ടറി മാർക്ക് എസ്പെറെ പ്രസിഡന്റ് ട്രംപ് പിരിച്ചുവിട്ടു

– പി.പി ചെറിയാൻ



വാഷിംഗ്ടൺ ഡി സി : വൈറ്റ് ഹൗസിൽ തിങ്കളാഴ്ച്ച നടന്ന അപ്രതീക്ഷിത നീക്കത്തിലൂടെ ഡിഫെൻസ് സെക്രട്ടറി മാർക്ക് എസ്പെറെ പ്രസിഡന്റ് ട്രംപ് ജോലിയിൽ നിന്നും പിരിച്ചുവിട്ടു.

അമേരിക്കയുടെ ഏറ്റവും ശക്തമായ ഡിഫെൻസ് ഡിപ്പാർട്മെന്റ് സെക്രട്ടറിയുമായി ട്രംപ് ചില മാസങ്ങളായി അഭിപ്രായ ഭിന്നത നിലനിന്നിരുന്നു. ബ്ലാക്ക് ലൈവ് മാറ്ററുമായി ബന്ധപ്പെട്ടു അമേരിക്കൻ സിറ്റികളിൽ നടന്നു വന്നിരുന്ന പ്രതിഷേധ പ്രകടനങ്ങൾ, അക്രമപ്രവർത്തനങ്ങൾ എന്നിവ അടിച്ചമർത്തുന്നതിനു സ്വീകരിച്ച നടപടികളെ കുറിച്ചായിരുന്നു തർക്കം. പുറത്താക്കിയ മാർക്കിന് പകരം നാഷണൽ കൗണ്ടർ ടെറോറി സം ഡയറക്ടർ ക്രിസ്റ്റഫർ മില്ലർ ആക്ടിങ് ഡിഫെൻസ് സെക്രട്ടറിയായി ചുമതല ഏറ്റെടുത്തിട്ടുണ്ട്.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബൈഡൻ ഹാരിസ് ടീമിന് അധികാരം കൈമാമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തിങ്കളാഴ്ചയും ട്രംപ് വിസമ്മതിച്ചു. മാധ്യമങ്ങളല്ല വിജയം പ്രഖ്യാപിക്കേണ്ടതെന്നും മുഴുവൻ സംസ്ഥാനങ്ങളിലേയും പോൾ ചെയ്ത വോട്ടുകൾ എണ്ണിത്തിട്ടപ്പെടുത്തി സർട്ടിഫൈ ചെയ്യുമ്പോൾ മാത്രമേ തെരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തീകരിക്കപ്പെടുകയുള്ളു എന്നാണു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്

**കോവിഡ് പ്രതിരോധം**

**ഭയമല്ല; കരുതലാണ് പ്രധാനം**

# കർഷകശ്രീ ന്യുയോർക്കിന്റെ പതിനൊന്നാമത് അവാർഡുകൾ പ്രഖ്യാപിച്ചു

**ജോയിച്ചൻ പുതുക്കുളം**



ന്യുയോർക്ക്: കർഷകശ്രീ ന്യുയോർക്കിന്റെ പതിനൊന്നാമത് അവാർഡുകൾ പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം ജോസ് കലയത്തിലും രണ്ടാം സമ്മാനം ഡോ. ആനി പോളും മൂന്നാം സമ്മാനം മനോജ് കുറുപ്പും നേടി.

ഒന്നാം സമ്മാനം ലഭിച്ച ജോസ് കലയത്തിൽ ന്യൂയോർക്കിലെ 42 വർഷത്തെ സേവനത്തിനു ശേഷം വിശ്രമജീവിതം നയിക്കുകയാണ്. ഇരുപതിൽ പരം കുടുംബങ്ങൾക്ക് ശുദ്ധമായ പച്ചക്കറി വിതരണം ചെയ്യാനായി എന്ന സന്തോഷത്തിലാണ് ജോസ്. രണ്ടാം സമ്മാനം ലഭിച്ച ആനി പോൾ ന്യൂയോക്കിലെ റോക്‌ലൻഡിൽ കൗണ്ടി ലെജിസ്ലേറ്റർ ആണ്. അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുമ്പോഴും കേരളത്തിന്റെ ഒരു കഷണം മനസ്സിൽ കൂടെ കൊണ്ടുനടക്കുന്നു എന്നതാണ് ആനിപോളിന്റെ പ്രത്യേകത.

അവാർഡുകൾ പിന്നീട് വിതരണം ചെയ്യും എന്ന് സംഘാടകർ അറിയിച്ചു.

ന്യൂയോർക്കിലെ ചുരുങ്ങിയ വേനൽ ദിവസങ്ങൾ ധന്യമാക്കി, അമേരിക്കൻ മലയാളികൾ കൃഷിയിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കാറുണ്ട്. ചെറിയ രീതിയിൽ തുടങ്ങിയ വീട്ടിലെ കൃഷികൾ, അൽപ്പം അന്തസ്സോടെ വലിയ രീതിയിൽ തന്നെ ചെയ്യാൻ ആളുകൾ മുന്നോട്ടു വരുന്നുണ്ട്. അതുകൊണ്ടു തന്നെ കൃഷിയിടത്തിലെ മത്സരവും ശ്രദ്ധ പിടിച്ചുപറ്റുന്നു. വളരെ കൂടുതൽ പേർ ഇപ്പോൾ ജോലിയിൽ നിന്നും വിരമിച്ചു വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചതിനാൽ മൂന്നു മാസക്കാലം വളരെ ജാഗ്രതയോടെ കർഷകന്റെ കുപ്പായത്തിലാണ്. മനസ്സിന് ഉല്ലാസം കിട്ടുന്നതിനോടൊപ്പം നിർമ്മാണാത്മകമായ പ്രവർത്തനം ഉന്മേഷവും പ്രദാനം ചെയ്യും. പല കർഷക കുടുംബങ്ങളിൽ നിന്നും നന്നേ ചെറുപ്പത്തിലേ നാടുവിട്ടു പോകേണ്ടിവന്ന പലർക്കും ഗൃഹാതുരത്വം നൽകുന്ന, എന്തൊക്കെയോ കളഞ്ഞുപോയതു തിരിച്ചു കിട്ടിയ സന്തോഷത്തിലാണ് വിളവെടുപ്പുകാലം. എല്ലാം വീതം വെച്ചു കൊടുത്തു കഴിയുമ്പോൾ നീണ്ട ശൈത്യ മാസങ്ങളിൽ അറിയാതെ ഓർമ്മിച്ചെടുക്കാവുന്ന ഒരു നിർവൃതി.

കോവിഡ് കാലമായതിനാൽ ഈ വർഷം പതിവിൽ കവിഞ്ഞ ഉത്സാഹമാണ് കൃഷിയിടങ്ങളിൽ ഉണ്ടായത്. ഇരുപത്തഞ്ചോളം കൃഷി കിറ്റുകൾ പലർക്കായി വിതരണം ചെയ്യാനായി എന്ന സന്തോഷത്തിലാണ് ന്യൂയോർക്കിലെ ഫിലിപ്പ് ചെറിയാൻ, ഹേമചന്ദ്രൻ, അജിത് പത്തനാപുരം, മുരളി എന്നിവർ.

# കോവിഡ് രോഗികളുടെ എണ്ണത്തിൽ ഫ്ളോറിഡ സംസ്ഥാനത്ത് വൻ വർധന

**- പി.പി. ചെറിയാൻ**

ഫ്ളോറിഡ: കോവിഡ് 19 രോഗികളുടെ എണ്ണത്തിൽ വീണ്ടും ഫ്ളോറിഡ സംസ്ഥാനത്ത് വൻ വർധന. സെപ്റ്റംബർ ഒന്നിനുശേഷം നവംബർ എട്ടാംതീയതി ഞായറാഴ്ച മാത്രം രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 6820 ആയെന്ന് ഫ്ളോറിഡ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് ഞായറാഴ്ച അറിയിച്ചു. 21 മരണവും ഞായറാഴ്ച സംഭവിച്ചതായും അധികൃതർ പറഞ്ഞു.

സംസ്ഥാനത്ത് ഇതുവരെ 8,43,897 രോഗികളും, 17,333 മരണവും സംഭവിച്ചതായും അറിയിപ്പിൽ പറയുന്നു. ഇതിൽ 17121 പേർ ഫ്ളോറിഡ സംസ്ഥാനത്തുള്ളവരും 212 പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ താമസത്തിനെത്തിയവരുമാണ്.

അമേരിക്കയിൽ കോവിഡ് രോഗികളുടെ എണ്ണത്തിൽ മൂന്നാം സ്ഥാനത്താണ് ഫ്ളോറിഡ (843897), രണ്ടാമതായി ടെക്സസ് (895000), ഒന്നാമതായി കാലിഫോർണിയ (969000).

ഫ്ളോറിഡയിൽ ഔദ്യോഗിക മരണസംഖ്യയുടെ 25 ശതമാനം യഥാർത്ഥത്തിൽ വർധിക്കുമെന്നാണ് അധികൃതർ പറയുന്നത്. നവംബർ ഒന്നുമുതൽ എട്ടു വരെയുള്ള ഒരാഴ്ചയിൽ പുതുതായി 28,776 കോവിഡ് കേസുകളും, 360 പുതിയ മരണവും സംഭവിച്ചിട്ടുണ്ട്. ഈ ആഴ്ചയിൽ 1,69,738 പേരാണ് പരിശോധനയ്ക്ക് എത്തിയിട്ടുള്ളത്. ഫ്ളോറിഡ സംസ്ഥാനത്ത് ആകെ കോവിഡ് പരിശോധന നടത്തിയവരുടെ എണ്ണം 6.3 മില്യനാണ്.

# അമേരിക്കൻ മലയാളികളുടെ വ്യക്തമായ രാഷ്ട്രീയ പ്രബുദ്ധത അഭിനന്ദനം അർഹിക്കുന്നു




**- ജോയിച്ചൻ പുതുക്കുളം**

അമേരിക്കൻ മലയാളികളുടെ വ്യക്തമായ രാഷ്ട്രീയ പ്രബുദ്ധത ഇത്തവണ വളരെ അധികം അഭിനന്ദനം അർഹിക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കാണാത്ത ഒരു നയം ഇത്തവണ രണ്ടു പാർട്ടികളിലെയും പക്ഷക്കാരിൽ ദർശിക്കാമായിരുന്നു. സോഷ്യൽ മീഡിയ മുഖേനെയുള്ള പക്ഷം പറച്ചിലുകൾ ഒറിജിനൽ അമേരിക്കക്കാരെ പോലും വെല്ലുന്നതായിരുന്നു. ആരെയും ഭയക്കാനില്ലാതെ, എന്റെ രാഷ്ട്രീയ അഭിപ്രായം തുറന്നുപറയുവാൻ ഉള്ള സ്വാതന്ത്ര്യം തരുന്ന ഒരു രാജ്യത്ത് നിന്നുകൊണ്ട് അവിടുത്തെ പൗരാവകാശം പരമാവധി പ്രയോജനപ്പെടുത്തുക എന്നത് അത്ര ഒരു ചെറിയ കാര്യമല്ല. ഇക്കാര്യത്തിൽ അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മലയാളി സ്ത്രീകളും മുൻനിരയിൽ ഉണ്ടായിരുന്നു.

ഒരു പാർട്ടിയെ പ്രതിനിധീകരിക്കുമ്പോൾ, ആ പാർട്ടിയുടെ സ്ഥാനാർത്ഥിയെ വിജയിപ്പിച്ചെടുക്കുകയാണ് അവരുടെ മുഖ്യമായ ലക്ഷ്യം. അതിനുവേണ്ടിയുള്ള മാർഗനിർദ്ദേശങ്ങളിൽ മലയാളികൾ ഒരു പടി മുന്നിലായിരുന്നു എന്നുവേണം കരുതാൻ. അമേരിക്കൻ വോട്ടേഴ്സ് ശതമാനത്തിൽ നമ്മൾ വളരെ ന്യൂനപക്ഷമാണെങ്കിലും, നമ്മുടെ രാഷ്ട്രീയ പ്രബുദ്ധത എല്ലാവരും അംഗീകരിച്ച് തരുന്നുണ്ട്. സോഷ്യൽ മീഡിയകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയ ഒരു അമേരിക്കൻ തിരഞ്ഞെടുപ്പ് ഇതിന് മുൻപ് ഉണ്ടായിട്ടില്ല. കോവിഡ് മഹാവ്യാധി കാരണം ഉണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന്റെ ഭാഗമായാണ് ഇത്രയധികം പ്രചാരണ പരിപാടികൾക്കായി സോഷ്യൽ മീഡിയ ഉപയോഗിച്ചത്. ഡമോക്രാറ്റുകൾ അമേരിക്കയിൽ ചരിത്രം കുറിക്കുകയാണ്. കറുത്ത വർഗക്കാരനായ പ്രസിഡന്റ് ബരാക്ക് ഒബാമ, വനിതാ വൈസ് പ്രസിഡന്റ് കമല ഹാരിസ് അങ്ങിനെ ഇനിയും വരുവാ നിരിക്കുന്ന ചരിത്രങ്ങൾക്കായി നമ്മൾക്ക് കാത്തിരിക്കാം.

കൃത്യമായി നികുതി നൽകുന്ന ഒരു ജനത എന്ന് പൊതുവെ ഇന്ത്യക്കാരെ കുറിച്ച് അമേരിക്കൻ സർക്കാരിന് അറിവുണ്ട്. നികുതി ദായകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ നമ്മുടെ സമൂഹത്തിന് പ്രയോജന പ്രദമാകുന്ന രീതിയിലേക്ക് കൊണ്ടെത്തിക്കണം. അതിനു രാഷ്ട്രീയമായ പിടിപാടുകൾ വേണം. അത് അമേരിക്കൻ രാഷ്ട്രീയത്തിലേക്ക് ഒരു അവകാശമായി എത്തിക്കുവാൻ നമ്മളുടെ ഇടയിൽ നിന്ന് നേതാക്കളെ സൃഷ്ടിക്കണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ചില സംസ്ഥാനങ്ങളിൽ മലയാളികൾ മുഖ്യധാരാ രാഷ്ട്രീയത്തിൽ സജീവമാണ് എങ്കിലും ദേശീയ തലത്തിലേക്ക് നേതാക്കളെ വാർത്തെടുക്കണം.

തിരഞ്ഞെടുപ്പുകൾ വരുമ്പോൾ മാത്രം സജീവ രാഷ്ട്രീയത്തിലേക്ക് വന്നിട്ട് കാര്യമില്ല. നമ്മുടെ കുട്ടികളെ അതിൽ നിന്നും അകറ്റി നിർത്തുവാൻ ഇടപെടരുത്. കഴിവുള്ളവരെ തേടിയെത്തുന്നതാണ് അമേരിക്കൻ രാഷ്ട്രീയം. രാഷ്ട്രീയ മീമാംസയും ദേശസ്നേഹവും ഉണ്ടങ്കിൽ ഇവിടെ ആർക്കും രാഷ്ട്രീയക്കാരനാവാം. അമേരിക്കയിൽ പൊതുജനസേവനം ആദരണീയമാണ്. മനസുണ്ടങ്കിൽ ഉയർന്ന പദവികൾ സ്വായത്തമാക്കാം. വിദ്യാഭാസത്തിൽ മുന്നിൽ നിൽക്കുന്ന സമൂഹത്തിൽ നിന്ന് നമ്മളെ പ്രതിനിധീകരിക്കാൻ നല്ലനല്ല നേതാക്കൾ അമേരിക്കൻ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേക്ക് എത്തപ്പെടുമെന്നു നമുക്ക് പ്രത്യാശിക്കാം.

# വി. യൂദാസ് തദേവൂസിന്റെ തിരുനാൾ ഭക്തിപൂർവം ആചരിച്ചു



**- ജോയിച്ചൻ പുതുക്കുളം**

ഷിക്കാഗോ: ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തീഡ്രലിൽ വി. യൂദാസ് തദേവൂസിന്റെ തിരുനാൾ ഭക്തിപൂർവം ആചരിച്ചു. നവംബർ ഒന്നാം തീയതി നടത്തപ്പെട്ട തിരുനാളിൽ ഫാ. ഏബ്രഹാം വെട്ടുവേലിൽ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. ഫാ. ജോണിക്കുട്ടി പുലിശേരിൽ, ഫാ. ടോം തോമസ് എന്നിവർ സഹകാർമ്മികരായിരുന്നു. ദേവാലയത്തിലെ തിരുകർമ്മങ്ങൾക്കുശേഷം സ്നേഹവിരുന്നോടെ തിരുനാൾ ആഘോഷങ്ങൾ സമാപിച്ചു.

എസ്.എം.സി.സി ഷിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിലാണ് തിരുനാൾ ആഘോഷങ്ങൾ നടത്തപ്പെട്ടത്. ആന്റോ കവലയ്ക്കൽ, ബിജി കൊല്ലാപുരം, ഷാജി കൈലാത്ത്, ജോൺസൺ കണ്ണൂക്കാടൻ, ഷിബു അഗസ്റ്റിൻ, മേഴ്സി കുര്യാക്കോസ്, കുര്യാക്കോസ് തുണ്ടിപ്പറമ്പിൽ, ഷാബു മാത്യു, ജോസഫ് നാഴിയംപാറ, തോമസ് സെബാസ്റ്റ്യൻ, ആഗ്നസ് തെങ്ങുംമൂട്ടിൽ, ജാസ്മിൻ ഇമ്മാനുവേൽ, ഷിജി ചിറയിൽ, സജി വർഗീസ്, സണ്ണി വള്ളിക്കളം എന്നിവർ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

# വേൾഡ് മലയാളി കൗൺസിൽ വാഷിംഗ്ടൺ യൂത്ത് ഫോറം ഹാലോവീൽ ആഘോഷം നടത്തി

**- ജോയിച്ചൻ പുതുക്കുളം**

വാഷിംഗ്ടൺ: വേൾഡ് മലയാളി കൗൺസിൽ വാഷിംഗ്ടൺ ഡി സി പ്രോവിൻസിന്റെ കീഴിലുള്ള യൂത്ത് ഫോറത്തിന്റെ നേതൃത്വത്തിൽ, ഹാലോവീൽ ആഘോഷം, വർണ്ണാഭമായ പരിപാടികളോടെ സൂം മീറ്റിങ് മാതൃകയിൽ ഒക്ടോബർ 25ന് നടന്നു.

പ്രസിഡന്റ് മോഹൻകുമാർ അറുമുഖത്തിനും മറ്റ് ഓഫീസ് ഭാരവാഹികൾക്കും വേണ്ടി, ഡബ്ല്യു എംസി വാഷിംഗ്ടൺ ഡി സി പ്രോവിൻസ് സെക്രട്ടറി ഡോ. മധു നമ്പ്യാർ സ്വാഗതം പറഞ്ഞു.

ഹാലോവീൽ ആഘോഷത്തിനെക്കുറിച്ചും, അമേരിക്കൻ സംസ്കാരത്തെക്കുറിച്ചും ലോകത്തെമ്പാടുമുള്ള മലയാളികളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതോടൊപ്പം ഇന്നത്തെ യുവതലമുറക്ക്, നേതൃത്വപരിശീലനം നൽകുന്നതിനും കൂടിയാണ് ആഘോഷം നടത്തിയതെന്ന് മധു നമ്പ്യാർ പറഞ്ഞു.

ഡബ്ല്യു എംസിവാഷിംഗ്ടൺ ഡിസി പ്രോവിൻസ് യൂത്ത് ഫോറം സെക്രട്ടറി അശ്വതി മേനോനും യൂത്ത് വൈസ് പ്രസിഡന്റ് പാർവ്വതി പുല്ലാഞ്ഞോടനും പരിപാടിയുടെ എംസിമാരായിരുന്നു.

ഡബ്ല്യു എംസി വാഷിംഗ്ടൺ ഡി സി പ്രോവിൻസ് യൂത്ത് ഫോറം പ്രസിഡന്റ് ഡോ.അർജ്ജുൻ മോഹൻ കുമാർ സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും യൂത്ത് ടീമിന്റെ ഭാവി പരിപാടികളെക്കുറിച്ച് വിശദീകരിച്ചു.

കോവിഡ് കാലത്ത് സോഷ്യൽ ഡിസ്റ്റൻസിങ്ങിനെക്കുറിച്ചും മറ്റ് പ്രതിരോധ സംവിധാനങ്ങളെക്കുറിച്ചും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് യുവാക്കൾ മുന്നിട്ടിറങ്ങേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഡബ്ല്യു എംസി വാഷിംഗ്ടൻ ഡി സി പ്രോവിൻസിന്റെ ഗ്ലോബൽ യൂത്ത് കൺവീനർ ഡോ.അഞ്ജലി ഷാഹി പറഞ്ഞു.

നടനും എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ തമ്പി ആന്റണി പ്രസംഗിച്ചു.

ഹാലോവീൽ കുക്കീസിനെക്കുറിച്ചും മറ്റ് ഭക്ഷണ രീതികളെക്കുറിച്ചും അഞ്ജലി ഷാഹിയും ആതിരാ ഷാഹിയും അവതരിപ്പിച്ച പ്രസന്റേഷനും ശ്രദ്ധിക്കപ്പെട്ടു.

പിന്നണി ഗായിക അമൃത ജയകുമാറും തിരുവനന്തപുരം വനിതാ കോളജിൽ നിന്ന് പ്രൊഫസറായി വിരമിച്ച ഡോ. ജയകുമാറും ഗാനമേള അവതരിപ്പിച്ചു. സെക്രട്ടറി മധു നമ്പ്യാർ നന്ദി പറഞ്ഞു.

# കേരള ലിറ്ററി സൊസൈറ്റി കേരളപ്പിറവി ആഘോഷം ബാലസാഹിത്യ സെമിനാർ നടത്തി






ഡാളസ്: കേരളപ്പിറവി ദിനാഘോഷങ്ങളുടെ ഭാഗമായി കേരള ലിറ്ററി സൊസൈറ്റി ബാലസാഹിത്യ സെമിനാർ നടത്തി.

കുട്ടികളെ മുഖ്യമായും ഉദ്ദേശിച്ചു തയ്യാറാക്കിയ പരിപാടിയിൽ ഒട്ടേറെ കുട്ടികളും രക്ഷിതാക്കളും പങ്കെടുത്തു. മുഖ്യാതിഥിയായി ബാലസാഹിത്യ പ്രതിഭയായ സിപ്പി പള്ളിപ്പുറം പങ്കെടുത്തു.

ആശയങ്ങൾ മനസ്സിലാക്കാൻ സഹായകമായ രീതിയിൽ ആവണം രചനകൾ നടത്തേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ബാലസാഹിത്യം ഗൗരവമായ സർഗാത്മക വിഷയമായിവരണം എന്നതാണ് തന്റെ ആഗ്രഹമെന്ന് പള്ളി പ്പുറം പറഞ്ഞു.

മലയാളത്തിലെ മികച്ച എഴുത്തുകാരെല്ലാം അവരുടെ രീതിയിൽ ബാലസാഹിത്യരചന നിർവഹിച്ചിട്ടുണ്ട്. സംസ്കൃതാതി പ്രസരമുള്ള ഉജ്ജ്വല പദസമ്പന്ന കാവ്യങ്ങൾ രചിച്ച ഉള്ളൂരും ആശയഗാംഭീര്യമുള്ള കൃതികളെഴുതിയ ആശാനും സുന്ദരശബ്ദങ്ങളാൽ മലയാളത്തെ മലരണിയിച്ച വള്ളത്തോളും എന്നുവേണ്ട, ജിയും പിയും വയലാറും ഒഎൻ വിയും സുഗതകുമാരിയും ഒക്കെ കുട്ടികൾക്കായി മധുരതരമായ ബാലസാഹിത്യകൃതികൾ രചിച്ചി ട്ടുണ്ട്.

കുട്ടികളുടെ മനസ്സിന് സന്തോഷവും സമാധാനവും സംതൃപ്തിയും അറിവും നൽകിയ ഈ പരിപാടി കുട്ടികളിൽ ഭാഷാതാല്പര്യവും സാംസ്ക്കാരിക ഉന്നമനവും നൽകുമെന്ന് സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകനും മലയാളഭാഷാ അദ്ധ്യാപകനുമായ ജെ. മാത്യൂസ് അഭിപ്രായ പ്പെട്ടു.

കഥയും കവിതയും മലയാളത്തിന് സമ്മാനിച്ച തമ്പി ആന്റണിയും തന്റെ ബാലസാഹിത്യ രചനാനുഭവം പങ്കുവെച്ചു.തമ്പി ആന്റണിയുടെ അൻപ് എന്ന കഥയുടെ സംക്ഷിപ്ത ആശയവിഷ്ക്കാരം പ്രേമ തെക്കേക്ക് ഭംഗിയാർന്ന അവതരണത്തോടെ പ്രസ്തുത പരിപാടിയിൽ അവതരിപ്പിച്ചു.

# ഫോമാ ഐക്യസന്ദേശവുമായി സൂം മീറ്റിംഗ് നടത്തി




**- ടി. ഉണ്ണിക്കൃഷ്ണൻ**

ന്യൂയോർക്ക്: ആവേശോജ്ജ്വലമായ അമേരിക്കൻ തിരഞ്ഞെടുപ്പിൽ ജോ ബൈഡനും കമലാ ഹാരിസും വിജയം വരിച്ച് രാജ്യത്തെ നയിക്കുവാൻ മാൻഡേറ്റ് നേടിയ ചരിത്ര പശ്ചാത്തലത്തിൽ അമേരിക്കൻ മലയാളികളുടെ ജനപ്രിയ ഫെഡറേഷനായ ഫോമാ ഐക്യസന്ദേശവുമായി സൂം മീറ്റിംഗ് നടത്തി.

അമേരിക്കൻ രാഷ്ട്രീയത്തിൽ മലയാളികളും തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ച ഈ തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ചേരികളിൽ നിന്നുകൊണ്ട് ഈ പ്രവാസി സമൂഹവും സ്പോർട്സ്മാൻ സ്പിരിറ്റോടെ ഡിബേറ്റുകൾ നടത്തുകയും വോട്ടുകൾ രേഖപ്പെടുത്തുകയും ചെയ്തത് മീറ്റിങ്ങിൽ പ്രത്യേകം പരാമർശിക്കപ്പെട്ടു.

തിരഞ്ഞെടുപ്പിന് ശേഷം നിയുക്ത പ്രസിഡന്റ് ബൈഡൻ വ്യക്തമാക്കിയതുപോലെ ഐക്യകാഹളം മുഴങ്ങുന്ന അമേരിക്കയുടെ സർവതോൻമുഖമായ പുരോഗതിക്കായി ഫോമായും ദേശബോധത്തോടെ കൈകോർക്കുന്നുവെന്ന സന്ദേശം മുഴങ്ങുന്നതായിരുന്നു മീറ്റിങ്. ഇന്ത്യയോട് ആഭിമുഖ്യമുള്ള ബൈഡനും ഇന്തോ അമേരിക്കനായ കമല ഹാരീസും അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ വിവിധ പ്രശ്നങ്ങളിൽ മൃദുസമീപനം പുലർത്തുമെന്ന പ്രത്യാശയിലാണ് ഫോമായുടെ സൂം മീറ്റിങ് പുരോഗമിച്ചത്.

ഫോമാ പ്രസിഡന്റ് അനിയൻ ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്വാഗതം ആശംസിച്ചത് ഫോമാ ജനറൽ സെക്രട്ടറി റ്റി.ഉണ്ണിക്കൃഷ്ണൻ ആണ്. മുൻ സെക്രട്ടറി ജിബി തോമസ് മോഡറേറ്ററായിരുന്നു. അമേരിക്കൻ രാഷ്ട്രത്തിന്റെ അടുത്ത നാലു വർഷത്തേക്കുള്ള ഭരണയന്ത്രം തിരിക്കാൻ ജനങ്ങൾ സമ്മതിദാനാവകാശം നൽകി തിരഞ്ഞെടുത്ത ജോ ബൈഡന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയുമായുള്ള അമേരിക്കയുടെ ബന്ധം പൂർവാധികം ഊഷ്മളമാക്കുമെന്നും അത് അമേരിക്കയിൽ ജീവിക്കുന്ന ഇന്ത്യക്കാർക്ക് ഗുണകരമാകുമെന്നും അനിയൻ ജോർജ് പറഞ്ഞു.

യൂത്ത് പ്രതിനിധികളായ മസൂദ് അൻസാർ, കുരുവിള ജയിംസ്, കാൽവിൻ കവലയ്ക്കൽ, വനിതാ പ്രതിനിധി ജൂബി വള്ളിക്കുളം, ട്രസ്റ്റി ബോർഡ് മുൻ ചെയർ പേഴ്സൺ കുസുമം ടൈറ്റസ്, ഫോമ ട്രഷറർ തോമസ് റ്റി ഉമ്മൻ, ഫോമാ നേതാക്കളായ പോൾ ഇഗ്നേഷ്യസ്, സാം ഉമ്മൻ, തോമസ് കോശി, ഗ്ലാഡ്സൺ വർഗീസ് ഫോമാ കോംപ്ലിൻസ് കൗൺസിൽ ചെയർമാൻ രാജു വർഗീസ്, ബൈജു വർഗീസ്, അനു സക്കറിയ എന്നിവർ സംസാരിച്ചു.

ഫോമാ ജോയിന്റ് ട്രഷറർ ബിജു തോണിക്കടവിൽ നന്ദി രേഖപ്പെടുത്തി.

വില്ല്യം അലക്സാണ്ടർ അമേരിക്കൻ ദേശീയ ഗാനവും പാർവതി രവിശങ്കർ ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു.

# നെഫ് മാസ് ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു, കുര്യൻ പ്രക്കാനം നാഷണൽ പ്രസിഡന്റ്

**- ജോയിച്ചൻ പുതുക്കുളം**

ബ്രാംപ്ടൻ: പ്രവാസി മലയാളി ചരിത്രത്തിൽ സുവർണ്ണ അദ്ധ്യായമായി നവംബർ ഒന്നിന് കേരള പിറവി ദിനത്തിൽ കാനഡയിൽ മലയാളി സംഘടനകളുടെ നാഷണൽ ഫെഡറേഷൻ രൂപീകൃതമായി.

കാനഡയിലെ ചെറുതും വലുതുമായ ഏതാണ്ട് നാൽപ്പതിൽപരം സംഘടനകളുടെ കൂട്ടായ്മയാണ് നാഷണൽ ഫെഡറേഷൻ ഓഫ് മലയാളീസ് ഇൻ കാനഡ (നെഫ് മാസ്). ഇക്കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ ചേർന്ന സൂം യോഗത്തിൽ സംഘടനയുടെ ദേശീയ ഭാരവാഹികളെ തെരഞ്ഞെടുത്തു .

കുര്യൻ പ്രക്കാനം (നാഷണൽ പ്രസിഡന്റ്), പ്രസാദ് നായർ (ജനറൽ സെക്രട്ടറി), സോമൻ സക്കറിയ (ട്രഷറർ), രാജശ്രീ നായർ (എക്സികൂട്ടിവ് വൈസ് പ്രസിഡന്റ്), നാഷ ണൽ വൈസ് പ്രസിഡന്റുമാരായി അജു ഫിലിപ്പ്, ഡോ. സിജോ ജോസഫ്, സുമൻ കുര്യൻ എന്നിവരും നാഷണൽ സെക്രട്ടറിമാരായി ജോൺ നൈനാൻ, ജോജി തോമസ്, മനോജ് ഇടമന, തോമസ് കുര്യൻ, സജീ ബ് ബാലൻ തുടങ്ങിയവരും നാഷണൽ ജോയിന്റ് സെക്രട്ടറിയായി അസ്രീ എബ്രഹാം ഐസക്കും നാഷണൽ ജോയിന്റ് ട്രഷറർമാരായി സജീബ് കോയ, ജെയിസൺ ജോസ ഫ്, ടിനോ വെട്ടം തുടങ്ങിയവരും തെരഞ്ഞെടുക്കപ്പെട്ടു.

കേരളപ്പിറവി ആഘോഷങ്ങൾ നവംബർ എട്ടിന് ഓൺലൈനായി നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ ബ്രാംപ്ടൻ മേയർ പാട്രിക് ബ്രൗൺ, ഒണ്ടാരിയോ എംപി പി അമർജോത് സന്ധു, പ്രമുഖ മാധ്യമ നിരീക്ഷകൻ റിട്ട. എസ് പി ജോർജ് ജോസഫ്, ഫൊക്കാന പ്രസിഡന്റ് ജോർജി വർഗീസ്, സെക്രട്ടറി ഡോ.സജിമോൻ ആന്റ ണി തുടങ്ങിയ വിശിഷ്ടാതിഥികൾ പങ്കെടു ത്തു. നെഫ് മാസിന്റെ ജനറൽ സെക്രട്ടറി പ്രസാദ് നായർ യോഗത്തിൽ സ്വാഗതം പറ ഞ്ഞു.

റിട്ട. എസ്പി ജോർജ് ജോസഫ് കേരളപ്പി റവി ആശംസകൾ നേർന്നു. കാനഡയിലെ സംഘടനകളുടെ ഈ കൂട്ടായ്മയെ അദ്ദേഹം ആശംസകൾ അറിയിച്ചു. നാഷണൽ ഫെഡ റേഷൻ ഓഫ് മലയാളി അസോസിയേഷൻ ഇൻ കനേഡിയൻ ഭാരവാഹികളെ നാഷണൽ പ്രസിഡന്റ് കുര്യൻ പ്രക്കാനം പ്രഖ്യാപിച്ചു.

കാനഡയിലെ ചെറുതും വലുതുമായ എല്ലാ സംഘടനകളെയും ഈ ഫെഡറേഷനി ലേക്കു സ്വാഗതം ചെയ്യുന്നതായി നെഫ് മാസ് ജനറൽ സെക്രട്ടറി പ്രസാദ് നായർ പറഞ്ഞു. website www.nfmac.org

കോവിഡ് പ്രതിരോധം
ഭയമല്ല; കരുതലാണ് പ്രധാനം

## ഫോമ ക്യാപിറ്റൽ റീജിയൻ എക്സിക്യൂട്ടീവ് കമ്മിറ്റി ആന്റ് മീറ്റ് ആന്റ് ഗ്രീറ്റ് പ്രോഗ്രാം സംഘടിപ്പിച്ചു

- രാജു ശങ്കരത്തിൽ



ഫോമായുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്ന പ്രധാന റീജിയനുകളിലൊന്നായ ഫോമാ ക്യാപിറ്റൽ റീജിയനിൽ ഉൾപ്പെട്ട എല്ലാ സംഘടനകളിലെയും പ്രധാന നേതാക്കന്മാർ യോഗത്തിൽ പങ്കെടുത്തു ഫോമയുടെ ഭാവിപരിപാടികൾക്ക് പിന്തുണ നൽകി.

ഫോമ സെക്രട്ടറി അനിയർ ജോർജ്, ജനറൽ സെക്രട്ടറി ടി. ഉണ്ണിക്കൃഷ്ണൻ, ട്രഷറർ തോമസ് ടി. ഉമ്മൻ, വൈസ് പ്രസിഡന്റ് പ്രദീപ് നായർ, ജോയിന്റ് സെക്രട്ടറി ജോസ് മണക്കാട്ട്, അഡ്വൈസറി ബോർഡ് ചെയർമാൻ ജോൺ സി. വർഗീസ് എന്നിവർ നേതൃത്വം വഹിച്ചു.

## നിർമൽ ബേബി ചിത്രംവഴിയെയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത് വിട്ട് ഹോളിവുഡ് താരം

ജോയിച്ചൻ പുതുക്കുളം




ഹാലോവീൻ ദിനത്തിൽ വഴിയെ സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കി. ഹോളിവുഡ് നടൻ ക്രിസ്റ്റഫർ എം. കുക്ക് തന്റെ ടിറ്റർ അക്കൗണ്ടിലൂടെയാണ് പോസ്റ്റർ പുറത്ത് വിട്ടിരിക്കുന്നത്. ഇത് ആദ്യമായാണ് ഒരു ഹോളിവുഡ് താരം മലയാള സിനിമയുടെ പോസ്റ്റർ റിലീസ് ചെയ്യുന്നത്.

നിർമൽ ബേബി വർഗീസ് സംവിധാനം ചെയ്ത വഴിയെ മലയാളത്തിലെ ആദ്യ ഫൗണ്ട് ഫൂട്ടേജ് സിനിമയാണ്. ഹോളിവുഡ് സംഗീത സംവിധായകൻ ഇവാൻ ഇവാൻസാണ് ഈ ചിത്രത്തിന്റെ സംഗീത സംവിധായകൻ.

ഡോഗ് ഈറ്റ് ഡോഗ്, 2 ഗൺസ്, ഫ്ലയിങ് മങ്കീസ്, ദി ഡ്രോൺ, മിസ്റ്റർ റൈറ്റ്, ആൻ അമേരിക്കൻ ഇൻ ടെക്സാസ്, ഹാവേർസ്, റിഗാർഡിങ് ദി കേസ് ഓഫ് ജോൻ ഓഫ് ആർക്ക് തുടങ്ങി നിരവധി ഹോളിവുഡ് സിനിമകളിലൂടെ ശ്രദ്ധ നേടിയ നടനാണ് ഇദ്ദേഹം.

വിവിഡ് ഫ്രെയിംസുമായി സഹകരിച്ച് കാസബ്ളാങ്കാ ഫിലിം ഫാക്ടറിയുടെ ബാനറിൽ ബേബി ചൈതന്യ നിർമ്മിച്ച ഈ പരീക്ഷണ ചിത്രത്തിൽ പുതുമുഖങ്ങളായ ജെഫിൻ ജോസഫ്, അശ്വതി അനിൽ കുമാർ, വരുൺ രവീന്ദ്രൻ, അഥീന, ജോജി ടോമി, ശ്യാം സലാഷ്, രാജൻ എന്നിവരാണ് പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്.

ഒക്ടോബർ 20നായിരുന്നു സിനിമയുടെ ചിത്രീകരണം പൂർത്തിയാക്കിയത്. കോവിഡ് കാലത്തെ എല്ലാ സർക്കാർ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരുന്നു ചിത്രീകരണം. കാസർഗോഡ്, കണ്ണൂർ ജില്ലകളാണ് ചിത്രത്തിന്റെ പ്രധാന ലൊക്കേഷൻ.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ജെഫിൻ ജോസഫ്, ഛായാഗ്രഹണം: മിഥുൻ ഇരവിൽ, ഷോബിൻ ഫ്രാൻസിസ്, കിരൺ കാന്പ്രത്ത്. കലാ സംവിധാനം: അരുൺ കുമാർ പനയാൽ, എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ: നിർമൽ ബേബി വർഗീസ്, പ്രൊജക്റ്റ് ഡിസൈനർ: ജീസ് ജോസഫ്, പ്രൊഡക്ഷൻ കൺട്രോളേർസ്: സഞ്ജയ് തോമസ് ചൊവ്വാറ്റുകുന്നേൽ, നിബിൻ സ്റ്റാനി, അലൻ ജിജി, അസോസിയേറ്റ് ഡയറക്ടർസ്: അരുൺ കുമാർ പനയാൽ, ശരൺ കുമാർ ബാരെ. വാർത്താ വിതരണം: വി.നിഷാദ്. ട്രാൻസ്ലേഷൻ, സബ്ടൈറ്റിൽസ്: അഥീന. സ്റ്റിൽസ്: എം. ഇ. ഫോട്ടോഗ്രാഫി, ടൈറ്റിൽ ഡിസൈൻ: അമലു.

സെബാസ്റ്റ്യൻ ആന്റണി അറിയിച്ചതാണിത്.

## സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷനിൽ കന്യാമറിയത്തിന്റെ തിരുനാൾ ആഘോഷിച്ചു



- ജോയിച്ചൻ പുതുക്കുളം

ഒഹായോ: സെന്റ് മേരീസ് സീറോ മലബാർ കത്തോലിക്കാ മിഷനിൽ പരിശുദ്ധ കന്യാമറിയത്തിന്റെ തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു.

തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ 1 മുതൽ 8 വരെ എട്ടു നോമ്പാചാരണവും ആരാധനയും റവ.ഫാ.ദേവസ്യ കാനാട്ട് നയിച്ചു. 2020 സെപ്റ്റംബർ 13 നു തിരുനാൾ പ്രദക്ഷിണത്തോടെ തിരുക്കർമ്മങ്ങൾ ആരംഭിച്ചു. മിഷൻ ഡയറക്ടർ റവ. ഫാ. ഡോ .സ്റ്റീഫൻ കൂളയുടെ മുഖ്യ കാർമികത്വത്തിൽ തിരുനാൾ കുർബാന അർപ്പിച്ചുകൊണ്ട് മിഷൻ ഡയറക്ടർ ആയി ചുമതലയേറ്റ റവ.ഫാ.ഡോ. നിബി കണ്ണായിക്ക് ആശംസകൾ നേർന്നു. കോവിഡ് 19 മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് എല്ലാം ക്രമീകരിച്ചത്.

റവ.ഫാ.ഡോ. നിബി കണ്ണായി, കെന്റക്കിയിലുള്ള മേരി ക്വീൻ ഓഫ് ഹെവൻ ദേവാലയത്തിലെ പരോക്കിയൽ വികാരിയായും സെന്റ് ഹെൻറി ഹൈസ്കൂളിലെ ചാപ്ലെയിൻ ആയും സേവനം ചെയ്യുന്നു.

തിരുന്നാൾ ദിനത്തോടനുബന്ധിച്ചു വർഷം തോറും നടത്താറുണ്ടായിരുന്ന ആഘോഷപൂർവ്വമായ പൊതുസമ്മേളനവും മിഷൻ അംഗങ്ങളുടെ കലാസാംസ്കാരിക പരിപാടികളും, ഇത്തവണ ഇപെരുനാൾ 2020' എന്ന പേരിൽ ഓൺലൈൻ ആയി സൂം വഴി സെപ്റ്റംബർ 26 നു സംഘടിപ്പിച്ചു.

## നോർത്ത് വെസ്റ്റ് അർക്കൻസാസ് മലയാളികളുടെ കൂട്ടായ്മ നന്മയുടെ പ്രവർത്തനം ആരംഭിച്ചു



ജോയിച്ചൻ പുതുക്കുളം

അർക്കൻസാസ്: നോർത്ത് വെസ്റ്റ് അർക്കൻസാസ് മലയാളികളുടെ കൂട്ടായ്മനന്മഎന്ന പേരിൽ രൂപീകൃതമായി. കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തീയതി ഞായറാഴ്ച നന്മയുടെ ഉദ്ഘാടനം ഓൺലൈൻ വഴി നടത്തപ്പെട്ടു. ഇരുനൂറിൽപ്പരം മലയാളി കുടുംബങ്ങൾ താമസിക്കുന്ന ഈ സ്ഥലത്ത് ആദ്യമായാണ് ഒരു മലയാളി അസോസിയേഷൻ രൂപീകരിക്കുന്നത്. കേരളത്തനിമയാർന്ന നിരവധി കലാപരിപാടികളോടും വിശിഷ്ട വ്യ ക്തികളുടെ ആശംസാ സന്ദേശങ്ങളോടും കൂടി ഒരു ഉത്സവപ്രതീതിയോടുകൂടിയാണ് ഉദ്ഘാടനം നടത്തപ്പെട്ടത്.

മുൻ. യു.എൻ അണ്ടർ സെക്രട്ടറിയും ഇപ്പോഴത്തെ തിരുവനന്തപുരം ലോക്സാഭംഗവുമായ ഡോ. ശശി തരൂർ, സിനിമാനടന്മാരായ ജഗദീഷ്, അജു വർഗീസ്, ബിജു സോപാനം, വിനീത് ശ്രീനിവാസൻ, സുധി കോപ്പ, സിനിമാ സംവിധായകൻ മനു അശോകൻ, ഗായകൻ ജി. വേണുഗോപാൽ എന്നിവർ പരിപാടികൾക്ക് ആശംസകൾ നേർന്നു.

## ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസർ കോവിഡ് ബാധിച്ചു മരിച്ചു

- പി.പി. ചെറിയാൻ

ഹൂസ്റ്റൺ: ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസ് ഡപ്യൂട്ടി ജോണി ടൻജ്ഡ് (56) കോവിഡിനെതിരേ ധീരമായി പോരാടിയെങ്കിലും അതിൽ വിജയിക്കാനായില്ല. നവംബർ 3 ന് ചൊവ്വാഴ്ച അദ്ദേഹം അന്തരിച്ചതായി ഷെരീഫ് ഓഫീസ് അറിയിച്ചു.

കോവിഡ് ബാധിച്ച് മരിക്കുന്ന ഷെരീഫ് ഓഫീസിലെ മൂന്നാമത്തെ ഉദ്യോഗസ്ഥനാണ് ജോണി. മെയ് ആറിന് സെർജന്റ് റെയ്മണ്ട്, ജൂൺ 13ന് വാൻ മെഞ്ചാക്ക എന്നിവരാണ് കോവിഡിന് കീഴടങ്ങിയവർ.

29 വർഷത്തെ സേവന പാരമ്പര്യമുള്ള ജോണി ഒരു മാസമായി ആശുപത്രിയിൽ കോവിഡ് ബാധിച്ച് ചികിത്സയിലായിരുന്നു. 1991ൽ ഹാരിസ് കൗണ്ടി ഷെരീഫ് ഓഫീസിൽ ജോലിയിൽ പ്രവേശിച്ച ജോണി ഇൻമേറ്റ് പ്രോസസിംഗ് സെന്ററിലാണ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

സഹപ്രവർത്തകന്റെ മരണത്തിൽ ഷെരീഫ് ഓഫീസ് ഫാമിലി അനുശോചിക്കുന്നതായി ഷെരീഫ് എഡ ഗോൺസാലസ് അറിയിച്ചു. ജോണി അനേകരുടെ ജീവിതത്തെ സ്വാധീനിച്ച വ്യക്തിയായിരുന്നുവെന്നും, അദ്ദേഹത്തെ ഓർത്ത് ഡിപ്പാർട്ട്മെന്റ് അഭിമാനിക്കുന്നുവെന്നും പറഞ്ഞു. ഭാര്യയും മൂന്നു പെൺമക്കളും ഉൾപ്പെടുന്നതാണ് അന്തരിച്ച ജോണിയുടെ കുടുംബം.

## ട്രൈസ്റ്റേറ്റ് കേരളാഫോറം അക്കിത്തം തിരുവരങ്ങിൽകേരളം എനിക്കെൻ തറവാട് അരങ്ങേറി

**ജോയിച്ചൻ പുതുക്കുളം**



ഫിലാഡൽഫിയ: കേരള പിറവിയുടെ 64-ാം വാർഷികം ഫിലാഡൽഫിയായിലെ മലയാളി സംഘടനകളുടെ ഐക്യവേദിയായ ട്രൈസ്റ്റേറ്റ് കേരളാഫോറം നവംബർ 1 ശനിയാഴ്ച നോർത്ത് ഈസ്റ്റ് ഫിലാഡൽഫിയായിലെ മയൂര റസ്റ്റോറന്റിൽ അക്കിത്തം തിരുവരങ്ങിൽകേരളം എനിക്കെൻ തറവാട് എന്ന തീമിൽ അരങ്ങേറി. നിലവിലുള്ള ഗവൺമെന്റ് നിയമങ്ങൾ പാലിച്ചുകൊണ്ട് ഹൈബ്രഡ് രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചത്.

ട്രൈസ്സ്റ്റേറ്റ് കേരളാഫോറം ചെയർമാൻ സുമോദ് നെല്ലിക്കാല അദ്ധ്യക്ഷത വഹിച്ച സാംസ്ക്കാരിക സമ്മേളനത്തിൽ സാഹിത്യകാരി മീനു എലിസബത്ത് ഹൂസ്റ്റണിൽ നിന്ന് തത്സമയം സൂമിലൂടെ മുഖ്യ പ്രഭാഷണം നടത്തി. സമകാലിക കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ജാതീയ വേർതിരുവുകളും അതിലൂടെയുള്ള രാഷ്ട്രീയ മുതലെടുപ്പുകളും. അതോടൊപ്പം വ്യാജ വാർത്തകൾ യാഥാർത്ഥ്യങ്ങളെ വളച്ചൊടിക്കുന്ന കാലത്താണ് നാം ജീവിക്കുന്നതെന്നും ഇതിനിടയിലെ സത്യം കണ്ടെത്താൻ നാം ശ്രമിക്കണമെന്നും, സ്ത്രീ ശാക്തീകരണം ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പറഞ്ഞു.

സാംസ്കാരിക സമ്മേളനത്തിൽ കേരളദിന ആഘോഷ കമ്മറ്റി ചെയർമാൻ അലക്സ് തോമസ് ഏവരെയും സ്വാഗതം ചെയ്തു. പെൻസിൽവേനിയ സ്റ്റേറ്റ് പ്രതിനിധി ജാരറ്റ് സോളമൻ, പെൻസിൽവേനിയ സ്റ്റേറ്റ് സ്ഥാനർത്ഥികളായ ഏരൻ ബഷീർ, മൈക്ക് ഡോയൽ, സംഘടന പ്രതിനിധികളായ സുധ കർത്ത (ഫൊക്കാന) റേണി വറുഗീസ് (പമ്പ), ജോബി ജോർജ്ജ് (കോട്ടയം അസോസിയേഷൻ), ജോർജ്ജ് ഓലിക്കൽ (ഇന്ത്യ പ്രസ്ക്ലബ്), ജീമോൻ ജോർജ്ജ് (ഏഷ്യൻ അഫേഴ്സ്) ഫാദർ ഫിലിപ്പ് മോഡയിൽ (ഓർമ്മ), ഫീലിപ്പോസ് ചെറിയാൻ (ഫ്രണ്ട്സ് ഓഫ് തിരുവല്ല), ബ്രിജിത്ത് പാറപ്പുറത്ത് (പീയാനോ), സുരേഷ് നായർ (എൻ.എസ്.എസ് ഓഫ് പി.എ.), വിൻസന്റ് ഇമ്മാനുവൽ (ആഘോഷ കമ്മറ്റി ചെയർമാൻ) എന്നിവർ കേരളദിനാശംസകൾ നേർന്നു.

ട്രഷറർ രാജൻ സാമുവൽ നന്ദി പ്രകാശിപ്പിച്ചു. സാജൻ വറുഗീസ്, റേണി വർഗീസ് എന്നിവർ പൊതുയോഗം നിയന്ത്രിച്ചു. കേരളത്തനിമയാർന്ന കലാസംസ്ക്കാരിക പരിപാടികൾക്ക് സാബു പാമ്പാടിയും, അനൂപ് ജോസഫും നേതൃത്വം നൽകി.

## ജീവകാരുണ്യ പ്രവർത്തനങ്ങളുമായി മല്ലപ്പള്ളി സംഗമം

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: മല്ലപ്പള്ളി സംഗമം ജീവകാരുണ്യ പ്രവർത്തനങ്ങളുമായി മുന്നോട്ട്. സംഗമ അംഗങ്ങളുടെ കാരുണ്യത്തിന്റെ നീരുറവ വറ്റിയിട്ടില്ലെന്നു തെളിയിച്ചുകൊണ്ടു ഈ കോവിഡ് മഹാമാരിയുടെ സന്ദർഭത്തിലും വിവിധ ജീവകാരുണ്യ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

മല്ലപ്പള്ളി താലൂക്കിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രൊഫഷണൽ വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ നിന്നും രണ്ടു നഴ്സിംഗ് വിദ്യാത്ഥികളുടെ മുഴുവൻ പഠന ചെലവുകളും ഏറ്റെടുത്തു. രണ്ടു പേരുടെയും ആദ്യ വർഷ ഫീസിനുള്ള ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അയച്ചു കൊടുത്തുവെന്നു ഭാരവാഹികൾ അറിയിച്ചു.

മല്ലപ്പള്ളിയിലെ കാരുണ്യ നിലയത്തിന്റെ പ്രവർത്തനങ്ങൾക്ക് ഈ മഹാമാരിയുടെ കാലത്ത് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിച്ചപ്പോൾ മല്ലപ്പള്ളി സംഗമം ഒരു ലക്ഷം രൂപ ധനസഹായം നൽകി സഹായിച്ചു. അതോടൊപ്പം ഈ വർഷം മല്ലപ്പള്ളിയിൽ സാമ്പത്തികമായി ബുദ്ധിമുട്ടിയ രണ്ടു ഹൃദയ-വൃക്ക രോഗികൾക്ക് അമ്പതിനായിരം രൂപ വീതം നൽകി സഹായിക്കുവാൻ കഴിഞ്ഞുവെന്ന് പ്രസിഡണ്ട് ചാക്കോ നൈനാൻ, ട്രഷറർ സെന്നി ഉമ്മൻ എന്നിവർ അറിയിച്ചു.

സംഗമത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകി സഹായിക്കുന്ന എല്ലാ അംഗങ്ങളോടും പ്രസിഡണ്ട് ചാക്കോ നൈനാൻ, സെക്രട്ടറി റെസ്ലി മാത്യു, ട്രഷറർ സെന്നി ഉമ്മൻ എന്നിവർ നന്ദി അറിയിച്ചു.

മല്ലപ്പള്ളി സംഗമത്തിന്റെ അടുത്ത കുടുംബ സംഗമം താങ്ക്സ്ഗിവിങ് ആഴ്ചയിൽ പെയർലാൻഡിലെ പാർക്കിൽ വച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തപ്പെടുമെന്നും കൂടുതൽ വിവരങ്ങൾ വാട്സ്ആപ് ഗ്രൂപ്പ് വഴി അറിയിക്കുമെന്നും സെക്രട്ടറി റെസ്ലി മാത്യു അറിയിച്ചു.

## കാനഡയിലെ പ്രവാസി കേരള കോൺഗ്രസ് (എം) പ്രസിഡന്റായി സോണി മണിയങ്ങാടൻ



**- ആസാദ് ജയൻ**

കാനഡയിലെ പ്രവാസി കേരള കോൺഗ്രസ് (എം) പ്രസിഡന്റായി സോണി മണിയങ്ങാടനെ തിരഞ്ഞെടുത്തു. സിനു മുളയാനിക്കലിനെ ജനറൽ സെക്രട്ടറിയായും, ട്രഷററായി റോഷൻ പുല്ലുകാലായിലിനെയും തിരഞ്ഞെടുത്തു.

പാർട്ടി ചെയർമാൻ ജോസ് കെ മാണിയുടെ അധ്യക്ഷതയിൽ ചേർന്ന സൂം മീറ്റിങ്ങിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. പ്രവാസി കേരള കോൺഗ്രസിന്റെ റിട്ടേണിംഗ് ഓഫീസറായ ചെറിയാൻ മാത്യു കരിന്തകരയാണ് പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചത്. തോമസ് ചാഴികാടൻ എംപി, റോഷി അഗസ്റ്റിൻ എംഎൽഎ എന്നിവരെക്കൂടാതെ കാനഡയിലെ വിവിധ പ്രൊവിൻസുകളിൽ നിന്നുള്ള എഴുപതിലേറെ കേരള കോൺഗ്രസ് പ്രവർത്തകരും മീറ്റിംഗിൽ പങ്കെടുത്തു.

യുഡിഎഫിൽ ഉള്ളപ്പോൾ ചെയ്യാൻ സാധിക്കാത്ത പല കാര്യങ്ങളും ഇടത്പക്ഷത്തിന്റെ കൂടെ നിന്ന് ചെയ്യാൻ സാധിക്കുമെന്ന് ചടങ്ങിൽ സംസാരിച്ച പാർട്ടി ചെയർമാൻ ജോസ് കെ മാണി പറഞ്ഞു. യുഡിഎഫിൽ നിന്ന് പുറത്തു പോയതല്ല, പുറത്താക്കിയതാണ്. കോട്ടയത്തെ ചില കോൺഗ്രസ് നേതാക്കൾ ഇതിനായി നീക്കങ്ങൾ നടത്തിയെന്നും, അർഹിക്കുന്ന അംഗീകാരത്തിനായി കാത്തിരുന്നിട്ടും യുഡിഎഫ് അവഗണിച്ചുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പ്രവാസികളായ കേരള കോൺഗ്രസ് അംഗങ്ങൾ, തദ്ദേശ തിരഞ്ഞെടുപ്പിൽ പാർട്ടിക്ക് ധാർമിക പിന്തുണ നൽകുന്നതിനൊപ്പം, നാട്ടിലുള്ള കുടുംബാംഗങ്ങളെ പാർട്ടിക്കൊപ്പം അണിനിരത്തണമെന്നും ചടങ്ങിൽ സംസാരിച്ച തോമസ് ചാഴികാടൻ എംപി ആവശ്യപ്പെട്ടു.

പാർട്ടിക്കെതിരെ തെറ്റിദ്ധാരണ പരത്തുന്ന ശക്തികൾക്കെതിരെയുള്ള പോരാട്ടമാണിതെന്നു ചടങ്ങിൽ സംസാരിച്ച റോഷി അഗസ്റ്റിൻ എംഎൽഎ അഭിപ്രായപ്പെട്ടു.

ബിനീഷ് ജോർജ്, അമൽ വിൻസെന്റ്, ബൈജു പകലോമറ്റം, ബിജോയി ഇല്ലം എന്നിവരാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട വൈസ് പ്രസിഡന്റുമാർ. ജോസ് നെല്ലിയാനി, ജിജു ജോസഫ് പൂവത്തിനാംതടത്തിൽ, സിബി ജോൺ, ജോസ് കുര്യൻ എന്നിവരാണ് സെക്രട്ടറിമാർ. വിവിധ പ്രൊവിൻസുകളിലെ കോഓർഡിനേറ്റർമാരായി ആസ്റ്റൻ ജോർജ് (സസ്കച്ചവൻ), റെബി ചെമ്പോട്ടിക്കൽ (നോർത്ത് വെസ്റ്റ് ടെറിറ്റോറിസ്), ജോജോ പുളിക്കൻ (യുക്കോൻ), മാത്യു വട്ടമല (ആൽബെർട്ട), റോബിൻ വടക്കൻ (ആൽബെർട്ട) എന്നിവരെയും തിരഞ്ഞെടുത്തു. ചെറിയാൻ മാത്യു കരിന്തകര, അശ്വിൻ ജോസ് വാളിപ്ലാക്കൽ, മാത്യു റോയി, ക്ലിൻസ് സിറിയക് നെയ്യത്തുംപറമ്പിൽ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

അമേരിക്കൻ പ്രവാസി കേരള കോൺഗ്രസ് പ്രസിഡന്റ് ജെയ്ബു കുളങ്ങര ആശംസകൾ നേർന്നു. സിറിയക് ചാഴികാടൻ, ഫെലിക്സ് ജെയിംസ്, ജോർജ് കാപ്പുകാട്ട്, റിന്റോ മാത്യു, ബെന്നി ജോസഫ്, എബിൻ പേരാലുങ്കൽ, ജോർജ് കണിയാരശ്ശേരിൽ, സുനീഷ് ജോസഫ്, നോബിൾ സെബാസ്റ്റ്യൻ, ഡോ. ജോർജ്, ആൽബിൻ സാബു, സന്ദീപ് കിഴക്കേപ്പുറത്ത്, ബിഫിൻ ജോസ്, അബു മാണി, അജേഷ് മാത്യു എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചടങ്ങു സംഘടിപ്പിച്ചത്.

## ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ സകല വിശുദ്ധന്മാരുടെയും ദിനം ആചരിച്ചു



**- ജെയിംസ് കണ്ണച്ചാൻപറമ്പിൽ**

ഡിട്രോയിറ്റ്: നവംബർ ഒന്നിന് ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ സകല വിശുദ്ധന്മാരുടെയും ദിനം ആചരിച്ചു. റിവ.ഫാ. ബിജു ചൂരപ്പാടത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

സൺഡേസ്കൂൾ വിദ്യാർത്ഥികൾ വിശുദ്ധരുടെ വേഷമണിഞ്ഞ് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും അവരവർ പ്രതിനിധാനം ചെയ്ത വിശുദ്ധന്മാരെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

വികാരി ഫാ.ജോസ് ജെമി പുതുശ്ശേരിൽ, ഡി.ആർ.ഇ ബിജു തേക്കിലക്കാട്ടിൽ, സൺഡേസ്കൂൾ അധ്യാപകർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# അനു സ്കറിയായെ ഫോമ യൂത്ത് കോർഡിനേറ്ററായി തിരഞ്ഞെടുത്തു

**രാജു ശങ്കരത്തിൽ**

*പ്രവർത്തന മികവിന്റെ അംഗീകാരമായി ഫോമയുടെ 2020-2022 കാലയളവിലെ നാഷണൽ കമ്മറ്റിമെ മ്പറായി മിഡ് അറ്റ്ലാന്റിക് റീജിയനിൽ നിന്നും എതിരില്ലാ തെതിരഞ്ഞെടുക്കപ്പെട്ടു.*



ഫോമയുടെ യുവജന വിഭാഗം പ്രവർത്തനക്ഷമമാക്കുവാൻ ഫോമാ നാഷണൽ കമ്മറ്റി മെമ്പർ അനു സ്കറിയായെ യൂത്ത് കോർഡിനേറ്റർ ആയി തിരഞ്ഞെടുത്തു.

പന്ത്രണ്ടാം വയസ്സിൽ അമേരിക്കയിലെത്തി സ്കൂൾ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ അനു, ഒട്ടനവധി പ്രവർത്തന വിജയങ്ങളിലൂടെ മികച്ച സംഘാടകനായി. പിതാവ് സ്കറിയാ പി. ഉമ്മനോടൊപ്പം മലയാളീ അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലാഡൽഫിയായുടെ (മാപ്പ്) പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ടായിരുന്നു സംഘടനാ പ്രവർത്തനങ്ങൾക്ക് തുടക്കം. 2003ൽ മാപ്പ് യൂത്ത് ചെയർമാനായി. 2015ലും യൂത്ത് ചെയർമാനായിരുന്നു. 2016ൽ യൂത്ത് ചെയർമാൻ ആർട്ട്സ് ചെയർമാൻ എന്നീ രണ്ട് സ്ഥാനങ്ങൾ വഹിച്ചു. 2017ലും 2018 ലും തുടർച്ച യായി എതിരുകളില്ലാത്ത മാപ്പിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പ്രവർത്തന മികവിന്റെ അംഗീകാരമായി ഫോമയുടെ 2020-2022 കാലയളവിലെ നാഷണൽ കമ്മറ്റി മെമ്പറായി മിഡ് അറ്റ്ലാന്റിക് റീജിയനിൽ നിന്നും എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

ഏതൊരു സമൂഹത്തിന്റെയുംഭാവി വാഗ്ദാനങ്ങളും പ്രതീക്ഷയുമാണ് യുവജന വിഭാഗം. അമേരിക്കൻ മലയാളി സമൂഹത്തിലെ യുവജനങ്ങൾ നമ്മുടെ ഭാഷയോടും സംസ്കാരത്തോടും പൈതൃകത്തോടും അകലം പാലിക്കുന്നു എന്ന സത്യം മനസ്സിലാക്കി, അമേരിക്കൻ മലയാളികളായ യുവജനങ്ങളെ ഉൾപ്പെടുത്തി, കമ്യൂണിറ്റിയോട് ചേർന്ന് കേരളത്തിന്റെ തനതു സംസ്കാരവും പൈതൃകവും ഉൾക്കൊള്ളിപ്പിച്ചുകൊണ്ട് ഫോമയുടെ പന്ത്രണ്ട് റീജിയനുകളിലും യൂത്ത് ഫോറം ഉണ്ടാക്കി കൂടുതൽ യുവാക്കളെ വിവിധ പ്രവർത്തന മണ്ഡലങ്ങളിൽ എത്തിച്ചു.

ഫോമാ പ്രസിഡന്റ് അനിയൻ ജോർജ്, ജനറൽ സെക്രട്ടറി റ്റി. ഉണ്ണികൃഷ്ണൻ, ട്രഷറർ തോമസ് റ്റി. ഉമ്മൻ, വൈസ് പ്രസിഡന്റ് പ്രദീപ് നായർ, ജോയിന്റ് സെക്രട്ടറി ജോസ് മണക്കാട്, ജോയിന്റ് ട്രഷറർ ബിജു തോണിക്കടവിൽ എന്നിവർ ആശംസകൾ അറിയിച്ചു.

# ജനസേവനാ പുരസ്ക്കാരം ജോർജ് മാമ്മൻ കൊണ്ടൂരിന്

**ജീമോൻ റാന്നി**



ഫിലാഡൾഫിയ വേൾഡ് മലയാളി കൗൺസിൽ പെൻസിൽവേനിയ പ്രൊവിൻസ് കേരളത്തിലെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്ത് അംഗത്തിന് ഏർപ്പെടുത്തിയ ജനസേവനാ പുരസ്ക്കാരത്തിന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രഡിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ അർഹനായി.

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും, ജീവകാരുണ്യ പ്രവർത്തനങ്ങളിലും കഴിഞ്ഞ 5 വർഷക്കാലത്തെ സമഗ്ര സംഭാവന പരിഗണിച്ചാണ് പുരസ്ക്കാരം. 50,000/ (അമ്പതിനായിരം) രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

ജനറൽ സെക്രട്ടറി സിജു ജോൺ കൺവീനർ ആയുള്ള ഒരു പാനലാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുത്തത്. പ്രസിഡണ്ട് സിനു നായർ അവാർഡ് പ്രഖ്യാപിച്ചു. നവംബർ 14ന് നടക്കുന്ന വെർചൽ മീറ്റിങ്ങിൽ വച്ച് അവാർഡ് നൽകുന്നതാണെന്ന് ചെയർമാൻ സന്തോഷ് എബ്രഹാം അറിയിച്ചു. പ്രൊവിൻസ് വൈസ് ചെയർമാൻ ക്രിസ്റ്റി മാത്യു കേരളത്തിലെത്തി നേരിട്ട് അവാർഡ് കൈമാറും. ഡോക്ടർ ബിനു ഷാജിമോൻ, റെനി ജോസഫ്, ജസ്റ്റിൻ ജോസ് എന്നിവരാണ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.

സമൂഹത്തിൽ ഏറ്റവും അധികം പ്രാധാന്യം അർഹിക്കുന്ന വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി നിരവധി പ്രവർത്തനങ്ങളാണ് ഇദ്ദേഹം നടത്തിയത്.

# ചിക്കാഗോ രൂപത അനക്സ് ബിൽഡിംഗിന്റെ ഗ്രൗണ്ട് ബ്രേക്കിംഗ് നിർവ്വഹിച്ചു



**- ജോയിച്ചൻ പുതുക്കുളം**

ചിക്കാഗോ: ചിക്കാഗോ സീറോ മലബാർ രൂപതയുടെ വിവിധ മിനിസ്ട്രികൾക്ക് നേതൃത്വം നൽകുന്ന വൈദികർക്കും രൂപതയിലെ സെമിനാരികൾക്കും അതിഥികളായെത്തുന്ന മെത്രാന്മാർക്കും വൈദികർക്കും താമസിക്കുന്നതിനായി നിലവിലുള്ള ബിഷപ്സ് ഹാളിനോടു ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന അനക്സ് ബിൽഡിംഗിന്റെ ഗ്രൗണ്ട് ബ്രേക്കിംഗ് രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തും സഹായമെത്രാൻ മാർ ജോയ് ആലപ്പാട്ടും നിർവ്വഹിച്ചു.

പ്രാർത്ഥനാശുശ്രൂഷയ്ക്ക് മാർ അങ്ങാടിയത്ത് കാർമികത്വം വഹിച്ചു. ബിഷപ്പ് മാർ അങ്ങാടിയത്തിന്റെ എഴുപത്തിയഞ്ചാം ജന്മദിനമായ ഒക്ടോബർ 26ന് കത്തീഡ്രൽ പള്ളിയിൽ രാവിലെ നടന്ന വിശുദ്ധ കുർബാനയെ തുടർന്നാണ് ഗ്രൗണ്ട് ബ്രേക്കിംഗ് സെറിമണി നടന്നത്. വികാരി ജനറൽ ഫാ.തോമസ് മുളവനാൽ, ചാൻസലർ ഫാ.ജോണിക്കുട്ടി പുലിശ്ശേരി, പ്രൊക്യൂറേറ്റർ ഫാ.ജോർജ് മാളിയേക്കൽ, കമ്മറ്റി അംഗങ്ങൾ, വൈദികർ, കന്യാസ്ത്രികൾ ഇടവകാംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ സകലവിശുദ്ധരുടെയും ദിനം ആചരിച്ചു



ഡിട്രോയിറ്റ്: നവംബർ 1 ഞായറാഴ്ച്ച ഡിട്രോയിറ്റ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ സകലവിശുദ്ധരുടെയും ദിനം ആചരിച്ചു. റവ. ഫാ. ബിജു ചൂരപ്പാടത്ത് വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

നിരവധി സൺഡേ സ്കൂൾ വിദ്യാർത്ഥികൾ വിശുദ്ധരുടെ വേഷമണിഞ്ഞാണ് വിശുദ്ധ കുർബ്ബാനയ്ക്ക് വന്നതും സംബന്ധിച്ചതും. വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം വിദ്യാർത്ഥികൾ അവരവർ പ്രതിനിധീകരിച്ച വിശുദ്ധരെ കുറിച്ചു വിവരിക്കുകയും ചെയ്തു. ഇടവക വികാരി റവ.ഫാ. ജോസഫ് ജെമി പുതുശ്ശേരിൽ, ഡിആർ ഈ ബിജു തേക്കിലക്കാട്ടിൽ, സൺഡേ സ്കൂൾ അധ്യാപകർ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. വിശുദ്ധരെ അവതരിപ്പിച്ച വിദ്യാർത്ഥികൾക്ക് സമ്മാനവും നൽകി.

# ഫ്രാൻസിസ് കിഴക്കേക്കുറ്റ് കൺവീനർ സ്ഥാനം രാജിവച്ചു



ചിക്കാഗോ: കഴിഞ്ഞ എട്ട് വർഷക്കാലമായി ചിക്കാഗോ യുഡിഎഫ് കൺവീനർ ആയി സേവനം ചെയ്തുവന്ന ഫ്രാൻസിസ് കിഴക്കേക്കുറ്റ് തൽസ്ഥാനം രാജിവച്ചു.

കേരളത്തിലെ യുഡിഎഫ് സംവിധാനത്തിൽ വന്ന മാറ്റത്തിന്റെ ഭാഗമായാണ് കേരളാകോൺഗ്രസ് പ്രതിനിധിയായ ഫ്രാൻസിസ് കിഴക്കേക്കുറ്റ് രാജിവച്ചത്. എട്ട് വർഷങ്ങൾക്കുമുൻപ് ആന്റോ ആന്റണി, കെ.പി.ധനപാലൻ എന്നീ എം.പിമാരുടെ സാന്നിധ്യത്തിലാണ് ഫ്രാൻസിസ് യുഡിഎഫ് കൺവീനറായി ചുമതലയേറ്റത്.

യുഡിഎഫ് പ്രസ്ഥാന ത്തിന്റെ കെട്ടുറപ്പിനുവേണ്ടിയും പ്രവർത്തകരെ ഏകോപിപ്പിക്കുന്നതിനും ഫ്രാൻസിസ് കിഴക്കേക്കുറ്റ് നിസ്തു ലമായ സേവനങ്ങളാണ് ചെയ്തത്. മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ യുഡിഎഫ് കൺവീനർ സ്ഥാനം രാജിവച്ച ഫ്രാൻസിസ് കിഴക്കേക്കുറ്റിനെ പ്രവാസി കേരളാ കോൺഗ്രസ് നാഷണൽ പ്രസിഡന്റ് ജെയ്ബു കുളങ്ങര അഭിനന്ദിച്ചു.

# യാക്കോബായ സുറിയാനി സഭാംഗങ്ങളുടെ ചിരകാല അഭിലാഷം സഫലമാകുന്നു

ജോയിച്ചൻ പുതുക്കുളം

മിനിയാപ്പോളിസ്: അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിൽ ഉൾക്കൊള്ളുന്ന മിനിയാപ്പോളിസിലെ മിനസോട്ടയിലുള്ള യാക്കോബായ സുറിയാനി സഭാംഗങ്ങൾ തലമുറകളായി തങ്ങൾ കാത്ത് പരിപാലിച്ചുവരുന്ന വിശ്വാചാരാനുഷ്ഠാനങ്ങൾ പരിരക്ഷിക്കുന്നതിനും, വിശുദ്ധ ആരാധന നടത്തുന്നതിനുമായി തങ്ങളുടേതായ ഒരു ആരാധനാലയം ഉണ്ടാകണമെന്ന ചിരകാല അഭിലാഷം പൂവണിയുന്നതിന്റെ സന്തോഷത്തിലാണ്.

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ കീഴിൽ പുതുതായി തങ്ങൾക്ക് ഒരു ആരാധനാലയം ആരംഭിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന വിശ്വാസികളുടെ ആഗ്രഹം ഭദ്രാസനാധിപൻ അഭി. യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത അനുഭാവപൂർവ്വം പരിഗണിക്കുകയും, റവ.ഫാ. മാത്യു കരുത്തലയ്ക്കലിനെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. 1999 മുതൽ തന്നെ മിനിയാപ്പോളിസ് / സെന്റ് പോൾസ് പ്രദേശത്ത് താമസിച്ചുവരുന്ന യാക്കോബായ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾ ഏറെ ശുഷ്കാന്തിയോടെ നിർവഹിച്ചുവരുന്ന അച്ചൻ തന്നെ ഈ ദേവാലയത്തിന്റെ പ്രഥമ വികാരിയായി നിയമിതനാകുന്നുവെന്നുള്ളത് ഇടവകാംഗങ്ങൾക്ക് കൂടുതൽ പ്രചോദനവും, ആത്മീയ ഉണർവും നൽകുന്നു.

അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, ഭൗതീക സുഖങ്ങൾ പരിപൂർണ്ണമായി പരിത്യജിച്ച്, നാൽപ്പത് വർഷക്കാലം പ്രാർത്ഥനയിലും ഉപവാസത്തിലുമായി തൂണിന്മേൽ ഇരുന്ന് തപസനുഷ്ഠിച്ച് പുണ്യജീവിതം നയിച്ച താപസശ്രേഷ്ഠനായ ശെമുവൂൻ എന്ന പരിശുദ്ധ പിതാവിന്റെ നാമത്തിൽ പുതിയ ഒരു ദേവാലയത്തിന് തുടക്കംകുറിക്കാൻ സാധിക്കുന്നത് ഏറെ അനുഗ്രഹമായി കരുതുന്നുവെന്നും, ആ പിതാവിന്റെ ജീവിതവിശുദ്ധിയെ നമ്മുടെ ജീവിതത്തിലും മാതൃകയാക്കുവാൻ നാം കടപ്പെട്ടിരിക്കുന്നുവെന്നും അഭിവന്ദ്യ മെത്രാപ്പോലീത്ത ഇടവകാംഗങ്ങളെ ഉത്ബോധിപ്പിച്ചു. ഇടവകയുടെ ദൈനംദിന പുരോഗതിക്കായി ഇടവകാംഗങ്ങൾ പരസ്പര സഹകരണത്തോടും, പ്രാർത്ഥനയോടുകൂടി പ്രവർത്തിക്കാനും വിശ്വാസികളെ ഓർമ്മിപ്പിച്ചു.

നവംബർ എട്ടാംതീയതി ഞായറാഴ്ച പ്ലിമത്തിലുള്ള സെന്റ് ജോർജ് കോപ്റ്റിക് ദേവാലയത്തിൽവച്ച് പ്രഥമ ദിവ്യബലി അർപ്പിക്കുന്നതോടെ പുതിയ ദേവാലയത്തിന് ആരംഭം കുറിക്കുകയാണ്. കോവിഡ് 19ന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തപ്പെടുന്ന ഈ ചടങ്ങിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: contact@stsimonschurchmm.org എന്ന ഇമെയിൽ വഴിയോ, റവ.ഫാ. മാത്യു കരുത്തലയ്ക്കൽ (വികാരി) 312 354 0830 എന്ന നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. അമേരിക്കൻ അതിഭദ്രാസന പി.ആർ.ഒ കറുത്തേടത്ത് ജോർജ് അറിയിച്ചതാണിത്.

# ചിക്കാഗോ ഗീതാമണ്ഡലം പ്രതിഷേധിച്ചു

- ജോയിച്ചൻ പുതുക്കുളം

ചിക്കാഗോ: 2018ൽ ശബരിമലയിലെ ആചാരലംഘനത്തിനു വേണ്ടി നിലകൊണ്ട സർക്കാർ ഇപ്പോൾ അത് വീണ്ടും ആവർത്തിക്കാനുള്ള ശ്രമമാണ്. ഇതിനായി മണ്ഡലകാലം മുന്നിൽ കണ്ട്, ശബരിമലയുടെ ആചാര അനുഷ്ഠാനങ്ങൾ തകർക്കുവാനുള്ള കേരള സർക്കാരിന്റെ ഗൂഢാലോചനയുടെ ഭാഗമായി കൊണ്ടുവന്ന പുതിയ നിയമങ്ങളായ, പമ്പാനദിയിൽ കുളിക്കുവാൻ പാടില്ല, നെയ്യ് അഭിഷേകം ഒഴിവാക്കുക, ഗുരുസ്വാമിമാരെ ഒഴിവാക്കുക (50 വയസിനു മുകളിൽ ഉള്ളവർക്ക് ദർശനം പാടില്ല), വിരി വെക്കുവാൻ പാടില്ല, സന്നിധാനത്ത് എത്തിയാൽ ഇരുമുടികെട്ട് അധികാരികൾക്ക് നൽകുക തുടങ്ങിയ കരിനിയമങ്ങൾക്ക് എതിരെ ചിക്കാഗോ ഗീതാമണ്ഡലം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

മറ്റ് മതസ്ഥരുടെ വിശേഷദിനങ്ങളിൽ, അതാത് മതങ്ങളിലെ പുരോഹിത വർഗത്തിന്റെ നിർദേശപ്രകാരം ആചാരങ്ങൾ നടത്തുവാൻ അനുവദിച്ച ഭരണകൂടം, ശബരിമലയുടെ കാര്യത്തിൽ മാത്രം ഏതാനും ഐ എ എസ് ഉദ്യോഗസ്ഥർ കൂടി ചേർന്ന് എടുത്ത തീരുമാനങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നതിനു പിന്നിലെ ഉദ്ദേശ്യം പകൽ പോലെ വ്യക്തമാണ്. ആചാരാനുഷ്ഠാനങ്ങളോടെയുള്ള ഒരു തീർത്ഥയാത്ര അസാധ്യമായിരിക്കുന്ന ഈ ഒരു സാഹചര്യത്തിൽ വ്രതാനുഷ്ഠാനങ്ങളോടെ സ്വന്തം വീടുകളിൽ ഇരുന്ന് അയ്യപ്പനെ വണങ്ങുകയാണ് വേണ്ടത് എന്ന സ്വാമി ചിദാനന്ദപുരിയുടെയും, അന്തർദേശീയ അയ്യപ്പമഹാസംഗമത്തിന്റെയും ആഹ്വനം ഏറ്റെടുത്ത് ഭവനം സന്നിധാനം എന്ന ആശയം ഏറ്റെടുത്ത് വെർച്വൽ ആയി മണ്ഡല മകരവിളക്ക് സംഘടിപ്പിക്കുവാൻ ചിക്കാഗോ ഗീതാമണ്ഡലം തീരുമാനിച്ചു.

ക്ഷേത്രസങ്കല്പങ്ങളെയും, ആചാരാനുഷ്ഠാനങ്ങളെയും തകർക്കുവാൻ ശ്രമിക്കുന്ന ദുഷ്ടശക്തികളെ എന്ത് വിലകൊടുത്തും എതിർക്കുകയും, അതിനായി ധാർമ്മികമായ എല്ലാ സഹായങ്ങളും നൽകും എന്ന് ഗീതാമണ്ഡലം പ്രസിഡന്റ് ജയചന്ദ്രൻ അഭിപ്രായപ്പെട്ടു. ലോക നന്മക്കും ലോക ശാന്തിക്കുമായി ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലം നമുക്ക് ആഘോഷിക്കാം എന്ന് ഗീതാമണ്ഡലം ഡയറക്ടർ ബോർഡും അഭിപ്രായപ്പെട്ടു.

# ഷിക്കാഗോ മലയാളി അസോസിയേഷൻ കേരളപിറവിദിനമായി ആഘോഷിച്ചു



- ജോയിച്ചൻ പുതുക്കുളം

ഷിക്കാഗോ: കേരള സംസ്ഥാനം രൂപംകൊണ്ടിട്ട് 64 വർഷം തികയുന്ന നവംബർ ഒന്നിന് ഷിക്കാഗോ മലയാളി അസോസിയേഷൻ കേരളപിറവിദിനമായി ആഘോഷിച്ചു. വൈകിട്ട് ഷിക്കാഗോ മലയാളി അസോസിയേഷന്റെ ഓഫീസിൽ വച്ച് പ്രസിഡന്റ് ജോൺസൺ കണ്ണൂക്കാടൻ തിരിതെളിച്ച് ഉദ്ഘാടനം നിർവഹിച്ചു.

കോവിഡ് 19 ഗവൺമെന്റ് നിബന്ധനകൾ നിലനിൽക്കുന്നതിനാൽ അസോസിയേഷൻ ഭാരവാഹികൾ മാത്രം പങ്കെടുക്കുന്നതിനെ സാധിച്ചുള്ളൂ. തദവസരത്തിൽ സെക്രട്ടറി ജോഷി വള്ളിക്കളം, ജിതേഷ് ചുങ്കത്ത്, ജോ. സെക്രട്ടറി. സാബു കട്ടപ്പുറം, വൈസ് പ്രസിഡന്റ് ബാബു, യൂത്ത്പ്രതിനിധി കാൽവിൻ കവലയ്ക്കൽ, ബോർഡംഗങ്ങളായ സന്തോഷ് കുര്യൻ, ജെസ്സി റിൻസി, മനോജ് അച്ചേട്ട്, അഗ്നസ് മാത്യു, ലൂക്ക് ചിറയിൽ, ഷൈനി ഹരിദാസ്, രഞ്ജൻ എബ്രഹാം, സജി മണ്ണംഞ്ചേരി, സന്തോഷ് കാട്ടൂക്കാരൻ, ജോർജ് പ്ലാമൂട്ടിൽ, ചാക്കോ മറ്റത്തിൽപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

# കെഎച്ച്എൻഎ സേവനം പിന്നാക്ക മേഖലയ്ക്ക്: ഗോത്ര കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് തുടക്കം

*ആലത്തൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ ആദിവാസി മേഖലയായ തളിങ്കല്ലിൽ അംഗൻവാടിയിലാണ് ഹാൾ നിർമ്മിച്ചു നൽകിയത്.*



- പി. ശ്രീകുമാർ

ന്യൂയോർക്ക്: അമേരിക്കയിലെ മലയാളി ഹിന്ദു സംഘടനകളുടെ കൂട്ടായ്മയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക ഗോത്ര കോളനിയിൽ നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ ഉദ്ഘാടനം ചെയ്തു. ആലത്തൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന വണ്ടാഴി ഗ്രാമ പഞ്ചായത്തിലെ ആദിവാസി മേഖലയായ തളിങ്കല്ലിൽ അംഗൻവാടിയിലാണ് ഹാൾ നിർമ്മിച്ചു നൽകിയത്.

പ്രളയത്തിൽ അംഗൻവാടിയുടെ കെട്ടിടങ്ങൾ തകർന്നിരുന്നു. തകർന്ന പ്രധാന കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു. 600 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഹാൾ ആണ് കെ എച്ച് എൻ എ നിർമ്മിച്ചത്. നാലു ലക്ഷം രൂപ ചെലവഴിച്ചുള്ള നിർമ്മാണത്തിന്റെ മേൽനോട്ടം ഗംഗോത്രി ചാരിറ്റബിൾ ട്രസ്റ്റിനായിരുന്നു. ഉൾപ്രദേശമായ ഇവിടെ ഊരുകൂട്ടം, മെഡിക്കൽ ക്യാമ്പുകൾ, ചെറിയ യോഗങ്ങൾ എന്നിവ നടത്താൻ മറ്റ് പൊതു സൗകര്യങ്ങളില്ല. അതിനു പരിഹാരമാണ് പുതിയ ഹാൾ.

കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെ വിവിധ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ കേരളത്തിൽ നടത്തുന്നുണ്ട്. പിന്നാക്ക മേഖലകളിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന സേവാ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു ഹാൾ നിർമ്മിച്ചത്. കഴിഞ്ഞ വർഷം സംഘടനയുടെ അധ്യക്ഷയായിരുന്ന ഡോ. രേഖാ മേനോനാണ് നിർമ്മാണോദ്ഘാടനം നിർവഹിച്ചത്. കോവിഡ് മൂലം നിർമ്മാണം വൈകി.

ആലത്തൂർ എം എൽ എ പ്രസേനൻ ഉദ്ഘാടനം നിർവഹിച്ചു. ഡോ. രേഖാ മേനോൻ മുഖ്യാതിഥി ആയിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് സുമാവള്ളി മോഹൻദാസ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് മുൻ പ്രസിഡന്റ് പി വി കൃഷ്ണൻ, അംഗങ്ങളായ എം കെ ഉണ്ണികൃഷ്ണൻ, ബെന്നി വർഗീസ്, സെക്രട്ടറി രാജൻ എന്നിവർ സംസാരിച്ചു. ഗംഗോത്രി ചാരിറ്റബിൾ ട്രസ്റ്റിന്റെ ട്രസ്റ്റി ഡോ. പി. യു രാമാനന്ദ് റിപ്പോർട്ട് അവതരിപ്പിച്ചു.

## ചരമം

### മാത്യു കെ.ഫിലിപ്പ്



ഡാളസ്: നിലമ്പൂർ എടക്കര കൊരട്ടിക്കരയിൽ കുടുംബാംഗവും, ഡാളസ് സെഹിയോൻ മാർത്തോമ്മ ഇടവകാംഗവുമായ മാത്യു കെ.ഫിലിപ്പ് (ബാബു 64) നിര്യാതനായി. നിലമ്പൂർ വടപുറത്ത് സുസമ്മയാണ് ഭാര്യ. ആഷ്‌ലി മാത്യു ആണ് ഏക മകൻ.

തോമസ് ഫിലിപ്പ് (മാർത്തോമ്മ സഭാ മണ്ഡലം മെംബർ), ഫിലിപ്പ് ഫിലിപ്പ്, അന്ന സ്റ്റീഫൻ(മൂവരും ഡാളസിൽ) എന്നിവർ സഹോദരങ്ങൾ ആണ്

സംസ്കാരം 14 ശനിയാഴ്ച പ്ലാനോ മൂച്ച്യൻ സെമിത്തേരിയിൽ നടന്നു.

അനുശോചനത്തിന്
തോമസ് ഫിലിപ്പ് 469 500 8206

- **ഷാജീ രാമപുരം**

### വി എസ് കുരുവിള



ഡാളസ്: മല്ലപ്പള്ളി ചെല്ലേത് വലിയകാലയിൽ വി എസ് കുരുവിള 71 (രാജു) ഡാളസ്സിൽ നിര്യാതനായി. ഭാര്യ ഞാലികണ്ടം താഴത്തേക്കുറ്റു മറിയാമ്മ.

മക്കൾ: ബിൻസി, ബെറ്റി

മരുമക്കൾ: ബ്രോക്, ഡൂഡിലി ജേക്കബ്

സഹോദരങ്ങൾ: ലാലു, ലിസി, മേഴ്‌സി, സൂസൻ പരേതരായ പൊന്നച്ചൻ, ജോയി

സംസ്കാരം നവംബർ 16 തിങ്കളാഴ്ച ഡാളസ്സിൽ, കൂടുതൽ വിവരങ്ങൾ പിന്നീട്.

### നെവിൻ പോൾ



ചെങ്ങന്നൂർ മുളക്കുഴ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗവും ചെങ്ങന്നൂർ തെക്കുവീട്ടിൽ കുടുംബാംഗവുമായ ജീ പോത്തന്റെയും ആനി പോത്തന്റെയും മകൻ നെവിൻ പോൾ (30) സെന്റ് ലൂയിസിൽ ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി.

കഴിഞ്ഞ അഞ്ച് വർഷം അമേരിക്കൻ നേവി ഓഫീസറായി സേവനം അനുഷ്ഠിച്ച ശേഷം സെന്റ് ലൂയിസിൽ ആമസോൺ കമ്പനിയിൽ സീനിയർ മാനേജരായി ജോലി ചെയ്യുകയായിരുന്നു. കെവിൻ പോൾ (കാലിഫോർണിയ) സഹോദരനാണ്. സംസ്കാരശുശ്രൂഷകൾ ഹൂസ്റ്റണിൽ നടക്കും.

അനുശോചനത്തിന് : ജീ പോത്തൻ : 9493386850

### ഡോ. നിത മരിച്ചു



മയാമി: ഫ്ളോറിഡയിലെ മിയാമിയിൽ കാറപകടത്തിൽ മരിച്ച ഉഴവൂർ സ്വദേശി ഡോ. നിത കുന്നുംപുറത്തിന്റെ (30) സംസ്കാരം ഷിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ പള്ളിയിൽ പിന്നീട് നടത്തും.

ചിക്കാഗോയിൽ താമസിക്കുന്ന ഉഴവൂർ കുന്നുംപുറത്ത് തോമസ് ത്രേസ്യാമ്മ ദമ്പതികളുടെ മകളാണ് മരിച്ച നിത. സഞ്ചരിച്ചിരുന്ന കാർ ചീങ്കണ്ണികൾ നിറഞ്ഞ കനാലിലേക്ക് വീണായിരുന്നു അപകടം. അപകടത്തെ തുടർന്ന് സ്ഥലത്തെത്തിയ അമേരിക്കൻ ദമ്പതികൾ അബോധാവസ്ഥയിലായിരുന്ന നിതയെ കാറിനു പുറത്തെത്തിച്ച് രക്ഷിക്കാൻ ശ്രമം നടത്തിയെങ്കിലും ചീങ്കണ്ണികളെത്തിയതിനാൽ ശ്രമം വിജയിച്ചില്ല. വെള്ളിയാഴ്ച ഇന്ത്യൻ സമയം വൈകിട്ട് ആറിനായിരുന്നു അപകടം.

നിതിൻ, നിമിഷ എന്നിവർ സഹോദരങ്ങളാണ്.

- **ജോയിച്ചൻ പുതുക്കുളം**

### എബി ഗീവർഗീസ്



ന്യൂയോർക്ക്: ന്യൂയോർക്കിൽ നിര്യാതനായ എബി ഗീവർഗീസിന്റെ (38) വ്യൂ വിംഗ് 13 വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ വൈകിട്ട് 9 വരെ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും. സംസ്കാരം 14 ശനിസെന്റ് ജോൺസ് ഓർത്തഡോക്സ് ദേവാലയത്തിലെ ശുശ്രൂഷയെ തുടർന്ന് സംസ്‌ കരിച്ചു.

യോങ്കേഴ്‌സ് സെന്റ് തോമസ് ഇടവകാംഗവും മാത്യു ഗീവർഗീസ് (അച്ചൻകുഞ്ഞ്), ഏലിയാമ്മ ഗീവർഗീസ് (ലീലാമ്മ) ദമ്പതികളുടെ മകനാണ്.

ഭാര്യ: ജെസ് ഗീവർഗീസ്. സഹോദരി ഡോ. അനി ഗീവർഗീസ്, ഫിലിപ്പ് മാത്യു. ബോബി ഗീവർഗീസ്.

### തോമസ് പി. ഐസക്



ന്യുജേഴ്സി: കോതമംഗലം പാറേക്കര വീട്ടിൽ പരേതരായ പി.വി. ഐസക്കിന്റെയും ഏലിയാമ്മയുടെയും പുത്രൻ തോമസ് പി. ഐസക് (തൊമ്മി 58) ന്യുജേഴ്സിയിൽ നിര്യാതനായി.

ബിസിനസ് രംഗത്തു പ്രവർത്തിച്ചിരുന്ന തൊമ്മി ആദ്യം ടെക്സാസിൽ താമസമാക്കി. തുടർന്ന് ന്യു ജേഴ്സിയിൽ ടീനെക്കിലേക്കു മാറി. കുറച്ചുകാലം നാട്ടിലേക്ക് മടങ്ങി 2014ൽ മടങ്ങിഎത്തി ന്യു മിൽ ഫോർഡിൽ താമസമാക്കി.

ഭാര്യ സുജാത. മക്കൾ: അർവിൻ, മെർലിൻ, മാത്യു.

ന്യുജേഴ്സിയിലുള്ള കുര്യൻ പി. ഐസക്ക്, ബിനു പി. ഐസക്ക് എന്നിവർ സഹോദരരാണ്.

സംസ്കാര നവംബർ 10 ചൊവ്വ സെന്റ് ജോർജ് സിറിയൻ ഓർത്തഡോക്സ് ചർച്ചിലെ ശുശ്രൂഷയെ തുടർന്ന് 36 ഫസ്റ്റ് സ്ട്രീറ്റ്, നാനുവറ്റ് സെമിത്തേരിയിൽ നടന്നു.

### ജോയി കുര്യാക്കോസ്

ഫിലഡൽഫിയ: കോട്ടയം പേരൂർ കറുകച്ചേരിൽ കെ.എം. കുര്യാക്കോസിന്റെയും അന്നമ്മ കുര്യാക്കോസിന്റെയും മകൻ ജോഷി കുര്യാക്കോസ് (46) ഹൃദയസ്തംഭനം മൂലം നിര്യാതനായി.

ട്രൈസ്റ്റേറ്റ് കേരള ഫോറം (ചെയർമാൻ), കോട്ടയം അസോസിയേഷൻ (സെക്രട്ടറി), സെന്റ് പീറ്റേഴ്സ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രൽ (സെക്രട്ടറി), എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസ് ഇൻ പെൻസിൽവേനിയ മേഖലകളിൽ പ്രവർത്തിക്കുകയുണ്ടായി.

ഭാര്യ റൂബി ജോഷി.

മക്കൾ: അൻമേരി, ആൽബി, ആൻഡ്രൂ.

നവംബർ 7 ശനിയാഴ്ച രാവിലെ സംസ്കാര ശുശ്രൂഷയെ തുടർന്ന് പൈൻ ഗ്രോവ് സെമിത്തേരിയിൽ സംസ്കാരം നടന്നു.- **ജീമോൻ റാന്നി**

### സാറാമ്മ പോൾ



ന്യൂയോർക്ക്: കോട്ടയം കളത്തിപ്പടി ഇറക്കത്തിൽ പരേതനായ ഇ.റ്റി.പോളിന്റെ (ബേബി) ഭാര്യ സാറാമ്മ പോൾ (ലൈസാമ്മ, 90) സ്റ്റാറ്റൻഐലൻഡിൽ നിര്യാതയായി.

മക്കൾ: തോമസ് പോൾ, ഏബ്രഹാം പോൾ, ജോർജ് പോൾ, ജയമോൾ റോയി, ജെസ്സി തോമസ്.

മരുമക്കൾ: ഷൈലജ, അനിത, സൂസ്സൻ, റോയി കട്ടത്തറ, ഷിബു ചെത്തിപുരയ്ക്കൽ.

സംസ്കാരം നവംബർ 7 ശനിയാഴ്ച മോറെവിയൻ സെമിത്തേരിയിൽ നടന്നു.

- **ജോയിച്ചൻ പുതുക്കുളം**

### ജോഷി കുര്യാക്കോസ്



ഫിലഡൽഫിയ: ട്രൈസ്റ്റേറ്റ് കേരള ഫോറം മുൻ ചെയർമാൻ ജോഷി കുര്യാക്കോസ് (46) ഹൃദയാഘാതത്തെ തുടർന്ന് നിര്യാതനായി.

ഭാര്യ: റൂബി ജോഷി, മക്കൾ: ആൻ മേരി, ആൽബീ, ആൻഡ്രൂ

കോട്ടയം പേരൂരാണ് ജന്മദേശം. കോട്ടയം മഹാത്മഗാന്ധി സർവ്വകലാശാല അധ്യാപകനായിരുന്നു. അമേരിക്ക റെഡ് ക്രോസ്, ഈസ്റ്റേൺ പെൻസിൽവാനിയ റീജിയണൽ ക്ലയന്റ് സ്പെഷ്യലിസ്റ്റായിരുന്നു. ഫിലഡൽഫിയ സെന്റ് പീറ്റേഴ്സ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രൽ സെക്രട്ടറിയായും, എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസ്, കോട്ടയം അസോസിയേഷൻ എന്നിവയുടെ ഭാരവാഹിയുമായിരുന്നു.

ജോഷിയുടെ നിര്യാണത്തിൽ ഫിലഡൽഫിയയിലെ സാംസ്കാരിക സംഘടനകൾഅനുശോചനം അറിയിച്ചു.

**-പി.ഡി.ജോർജ് നടവയൽ**

## REST IN PEACE

## ഹൈദരാബാദ് സ്വദേശി യു.എസിലെ ജോർജിയയിൽ കുത്തേറ്റ് മരിച്ചു

**ജോയിച്ചൻ പുതുക്കുളം**

ഹൈദരാബാദ്: 37കാരനായ ഹൈദരാബാദ് സ്വദേശി യു.എസിലെ ജോർജിയയിൽ കുത്തേറ്റ് മരിച്ചു. ജോർജിയയിൽ 10 വർഷമായി കട നടത്തുന്ന മുഹമ്മദ് ആരിഫ് മുഹിയുദ്ദീൻ ആണ് മരിച്ചത്.

നിരവധി തവണ കുത്തേറ്റ നിലയിൽ ആരിഫിനെ വീടിന് പുറത്ത് കണ്ടെത്തുകയായിരുന്നു. കടയിലെ ഒരു ജീവനക്കാരനടക്കം ഏതാനും പേർ ചേർന്ന് ആരിഫിനെ ആക്രമിക്കുന്നതിന്റെ ദൃശ്യം സി.സി. ടി.വിയിൽ പതിഞ്ഞിട്ടുണ്ട്.

അന്ത്യ കർമ്മങ്ങൾക്കായി യു.എസിലേക്ക് പോകാൻ എമർജൻസി വിസ നൽകണമെന്ന് ആരിഫിന്റെ ഭാര്യയും പിതാവും സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്. മൃതദേഹം ജോർജിയയിലെ ആശുപത്രിയിലാണെന്നും ബന്ധുക്കളാരും അവിടെ ഇല്ലെന്നും ഭാര്യ അറിയിച്ചു.

Times of American Malayali . com